

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/1089/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 23/09/2025
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ്)

2.ജോയിന്റ് ഡയറക്ടർ, എൽ എസ് ജി ഡി, കണ്ണൂർ (ഇ മെയിൽ)

3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.5/1089/2025 തീയ്യതി: 23/09/2025

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 21-06-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-06-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രമ രാജൻ	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	23-06-2025	27-06-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-06-2025	27-06-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. സിന്ധു ടി.പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

2. കനകരാജൻ. ഇ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3. ധന്യ. എം.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.വത്സല.പി.വി	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.എം.ഉല്ലാസൻ	സെക്രട്ടറി	01-04-2024	07-04-2024
ശ്രീമതി.സരോജിനി.കെ(ഹെഡ്ക്ലർക്ക്)	സെക്രട്ടറി-ഇൻ-ചാർജ്ജ്	08-04-2024	31-05-2024
ശ്രീ.സുനിൽ കുമാർ.കെ(സെക്രട്ടറി കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്ത്)	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2024	21-06-2024
ശ്രീ.നിസാർ.കെ.പി(ജോയിന്റ് ബി ഡി ഒ)	സെക്രട്ടറി-ഇൻ-ചാർജ്ജ്	22-06-2024	22-07-2024
ശ്രീ.സുനിൽ കുമാർ.കെ(സെക്രട്ടറി കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്ത്)	സെക്രട്ടറി-ഇൻ-ചാർജ്ജ്	23-07-2024	10-09-2024
ശ്രീ.മോഹനൻ.കെ	സെക്രട്ടറി	11-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.പ്രവീൺ പി ജോസ്	മെഡിക്കൽ ഓഫീസർ,സി .എച്ച്.സി,കരിവെള്ളൂർ.	01-04-2024	30-07-2024
ഡോ.നിധിൻ.സി .എം.	മെഡിക്കൽ ഓഫീസർ,സി .എച്ച്.സി,കരിവെള്ളൂർ	01-08-2024	28-01-2025
ഡോ.സാമുവൽ റോബർട്ട് Japheth	മെഡിക്കൽ ഓഫീസർ,സി .എച്ച്.സി,കരിവെള്ളൂർ	29-01-2025	31-03-2025
ഡോ.വിഷ്ണു സായ് പ്രസാദ്.സി.കെ	മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ പെരിങ്ങോം	01-04-2024	19-05-2024
ഡോ.പ്രശാന്ത്.പി.കെ	മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ പെരിങ്ങോം	20-05-2024	31-03-2025
ശ്രീമതി.രാഖി.കെ	അസിസ്റ്റന്റ് ഡയറക്ടർ,കൃഷി	01-04-2024	31-03-2025
ശ്രീമതി.സ്മിത മാരാർ	ഡയറി എക്സ്ടെൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ.ബിജു.പി.വി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.അനിൽ കുമാർ.എം.ടി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീ.ബാലകൃഷ്ണൻ.എം	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ	01-04-2024	03-03-2025
ശ്രീ.വിജയൻ.കെ.വി	ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്പ്മെന്റ് ഓഫീസർ	04-03-2025	31-03-2025
ശ്രീമതി.സ്മിത.ആർ.കെ	ഇൻഡസ്ട്രിയൽ എക്സ്ടെൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ലതിക പാത്രവളപ്പിൽ	സിഡി.പി.ഒ. പയ്യന്നൂർ	01-04-2024	31-03-2025
ശ്രീമതി രാധ കെ	സി.ഡി.പി.ഒ, പയ്യന്നൂർ അഡീഷണൽ പെരിങ്ങോം	01-04-2024	31-03-2025

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കരിവെള്ളൂർ - 31-07-2024 ഒഴിവ്

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ അപാകങ്ങൾ	1-1-2
4	ആസ്തി മൂല്യം, ഡിപ്രീസിയേഷൻ -കണക്കുകൾ ആധികാരികമല്ല	1-1-3
5	വിനിയോഗിക്കാത്ത ഡെപ്പോസിറ്റ് തുകകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	ജില്ലാ പഞ്ചായത്ത് വിഹിതം - ബി 4 ,ബി 17 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-5
7	സ്റ്റെയിൽ ചെക്ക് ശീർഷകത്തിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-6
8	ലയബിലിറ്റി തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-1-7
9	മുൻകൂർ -വിശദാംശങ്ങൾ ലഭ്യമല്ല	1-1-8
10	പി എം എ വൈ-കണക്കുകളുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല	1-1-9
11	ബാങ്ക് റിക്കൺസിലിയേഷൻ– ക്യാഷാകാത്ത ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമല്ല	1-1-10
12	തെറ്റായ അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തി	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
15	ഫണ്ട് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	ക്യാഷ് ബാലൻസ് പരിശോധന	1-6
18	ആഭ്യന്തരനിയന്ത്രണം	1-7
19	വാടക - ബൈലോയ്ക്ക് അംഗീകാരം വാങ്ങാത്തതും മറ്റ് അപാകങ്ങളും	1-8
20	കുട്ടികൾക്ക് കായിക പരിശീലനം-ആസൂത്രണനിർവഹണങ്ങളിലെ അപാകങ്ങൾ–ചെലവു തുകയായ ₹222750 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-9
21	സാക്ഷരതാ മിഷൻ– തുല്യതാ പഠിതാക്കൾക്ക് ഫീസ് നൽകൽ– രേഖകൾ ലഭ്യമാക്കിയില്ല-₹40000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-10
22	പദ്ധതി ഡോക്യുമെന്റേഷൻ-നിർവഹണത്തിലെ അപാകങ്ങൾ - ₹114300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-11
23	വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-12
24	മാത്തിൽ തൊഴിൽ പരിശീലനകേന്ദ്രം-കുഴൽകിണർ നിർമ്മാണം-രേഖകൾ ലഭ്യമാക്കിയില്ല-₹103000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-13
25	നെല്ലിയാട്ട് സാംസ്കാരികനിലയം-കുടിവെള്ളം- മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവൃത്തികളും-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹340000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-14
26	ഐ.കെ.എം. വിഹിതം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല-₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-15
27	എ ബി സി പ്രോഗ്രാം- വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-16
28	ഔഷധഗ്രാമം കാർബൺ ന്യൂട്രൽ ഗ്രാമം - കുഴൽ കിണർ നിർമ്മാണം പൂർത്തിയായില്ല-₹107000 തടസ്സപ്പെടുത്തുന്നു	1-17
29	എസ് സി സാംസ്കാരിക കേന്ദ്രങ്ങളിൽ സൗണ്ട്സിസ്റ്റം വാങ്ങൽ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹ 540000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-18

30	വനിതകൾക്ക് ജിംനേഷ്യം ഫിറ്റ്നസ് സെന്റർ - പ്രവർത്തനം ആരംഭിച്ചിട്ടില്ല -തുടർ നടപടികൾ അറിയിക്കേണ്ടതാണ്	1-19
31	ടേക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം-ചെറുപുഴ പഞ്ചായത്ത്- പ്രവർത്തനക്ഷമമായില്ല- ₹2145329യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-20
32	നേത്രപരിശോധന വിഭാഗത്തിലേക്കും പൊതുജനാരോഗ്യ വിഭാഗത്തിലേക്കും കമ്പ്യൂട്ടർ വാങ്ങൽ - സ്റ്റോക്ക്/ഇൻസ്റ്റലേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല ചെലവ് തുക ₹77482 തടസ്സപ്പെടുത്തുന്നു	1-21
33	സായഹ്ന ഒ പി യിലേക്ക് ഡോക്ടർ - പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക ₹127400 തടസ്സപ്പെടുത്തുന്നു.	1-22
34	മരുന്ന് വാങ്ങൽ -സി എച്ച് സി കരിവെള്ളൂർ -രേഖകൾ ഹാജരാക്കിയില്ല ₹14457യുടെ ചെലവ് തടസപ്പെടുത്തുന്നു	1-23
35	ദൈനംദിന ചെലവുകൾ സിഎച്ച് സി കരിവെള്ളൂർ– വൗച്ചറുകൾ ഹാജരാക്കിയില്ല ₹16660 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-24
36	പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല ₹31305യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-25
37	ഐ.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ ഫർണ്ണിച്ചർ - അപാകങ്ങൾ 24923 തടസ്സപ്പെടുത്തുന്നു.	1-26
38	ക്ഷീര കർഷകർക്ക് കാലി തീറ്റ വിതരണം - സബ്സിഡി നൽകിയതിലെ അപാകങ്ങൾ	1-27
39	സകർമ്മയിൽ മിനുട്സ് തയ്യാറാക്കുന്നതിലേയും അംഗീകരിക്കുന്നതിലേയും അപാകങ്ങൾ	1-28
40	ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി കണക്കുകൾ സമർപ്പിക്കുന്നില്ല	1-29
41	ഭിന്നശേഷി ക്യാമ്പും ഉപകരണ വിതരണവും - രേഖകൾ ഹാജരാക്കിയില്ല ₹ 485000 തടസ്സപ്പെടുത്തുന്നു	1-30
42	ഇ-ഓഫീസ് അടിസ്ഥാന സൗകര്യ വികസനം-പ്രവൃത്തി പൂർത്തീകരിച്ചില്ല- 345000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
43	പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്- ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും	1-32
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന	4-1
2	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-3
4	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-4
5	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-5
6	വായ്പ / വായ്പാതിരിച്ചടവ്	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-9
10	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം –1

പൊതു അവലോകനം

1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 31.05.2025 തീയതിയിലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.05.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 31.03.2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,
23.09.2025.

1–1–1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, റൂൾ 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1–1–2 ക്യാഷ് ഫ്ലോ പത്രികയിലെ അപാകങ്ങൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹4452101 യാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash

Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6470129 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതായിരുന്നു.

1-1-3 ആസ്തി മൂല്യം, ഡിപ്രീസിയേഷൻ -കണക്കുകൾ ആധികാരികമല്ല

1.ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. സചിത്ര സോഫ്റ്റ്വെയർ മുഖേന ഓരോ വർഷവും പുതുതായി സൃഷ്ടിക്കപ്പെടുന്നതും മൂല്യവർധനവ് വരുത്തുന്നതുമായ ആസ്തിയുടെ മൂല്യം ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ആസ്തിമൂല്യം രേഖപ്പെടുത്തേണ്ടത് പ്രസ്തുത രജിസ്റ്റർ അടിസ്ഥാനമാക്കിയായിരിക്കണം എന്നതിനാൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

2. Furniture, Fixtures, Fittings & Electric Appliances എന്ന ഹെഡിൽ 2023-24 സാമ്പത്തിക വർഷത്തെ ഡിപ്രീസിയേഷൻ തന്നെയാണ് (-6016001) 2024-25 ലും രേഖപ്പെടുത്തിയത്. 2024-25 സാമ്പത്തിക വർഷം ഡിപ്രീസിയേഷൻ നല്കിയിട്ടില്ല.

3.അസറ്റ് , ഡിപ്രീസിയേഷൻ കാൽക്കുലേഷൻ ഷീറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

1-1-4 വിനിയോഗിക്കാത്ത ഡെപ്പോസിറ്റ് തുകകൾ ബി 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

ബി 18 ഷെഡ്യൂളിൽ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തതും 31.03.2025 ന് പൂർത്തീകരിക്കാത്തതുമായ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കുകളുടെ വിശദാംശങ്ങൾ ഖണ്ഡിക 4-3ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1-1-5 ജില്ലാ പഞ്ചായത്ത് വിഹിതം - ബി 4 ,ബി 17 ഷെഡ്യൂളുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ബി 4 ഷെഡ്യൂളിൽ സംയുക്ത പദ്ധതികൾക്കായി ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച 6741157രൂപ നീക്കിയിരിപ്പുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക പി എം എ വൈ പദ്ധതിക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതമാണ്. എസ് ടി എസ് ബി അക്കൗണ്ട് നമ്പർ 719041400000051 ൽ ഉണ്ടായിരുന്ന പ്രസ്തുത തുക റിഡമ്പ്ഷൻ തുകയായി തിരിച്ചു പിടിച്ചതിനാൽ ബി 17 ഷെഡ്യൂളിൽ വന്നിട്ടില്ല. തുക നാളിതു വരെ തിരിച്ചു കിട്ടിയിട്ടില്ല. തുക തിരിച്ചു കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-1-6 സ്റ്റെയിൽ ചെക്ക് ശീർഷകത്തിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

ബി 9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ഹെഡിൽ രേഖപ്പെടുത്തിയ 447242രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ ലെഡ്ജറിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ല.

1-1-7 ലയബിലിറ്റി തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

ബി 9 ഷെഡ്യൂളിൽ Other Creditors(₹111607), Other Liabilities (₹20,32,120) എന്നീ ഹെഡുകളിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ പ്രസ്തുത തുകകൾ ബാധ്യതയായി തുടരുന്നതിന്റെ കാരണം അറിയിക്കുകയോ ചെയ്തിട്ടില്ല. ഹാജരാക്കിയ ലെഡ്ജറിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ല.

1-1-8 മുൻകൂർ -വിശദാംശങ്ങൾ ലഭ്യമല്ല

ബി 18 ഷെഡ്യൂളിൽ വിവിധ അഡ്വാൻസ് ഇനങ്ങളിൽ ചേർത്ത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടൂർ ട്രാവലിംഗ് അഡ്വാൻസ് ആയി രേഖപ്പെടുത്തിയ 31714 രൂപ 29.05.2020 തീയതിയിൽ നല്കിയതാണെന്നാണ് ലെഡ്ജറിൽ നിന്ന് വ്യക്തമാകുന്നത്. അഡ്വാൻസ് സമയപരിധിക്കകം ക്രമീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നല്കിയ തുകയും (2460093 രൂപ) ക്രമീകരിക്കാതെ അവശേഷിക്കുന്നു. ബന്ധപ്പെട്ട ലെഡ്ജറിൽ നിന്നും വ്യക്തമായ വിവരങ്ങൾ ലഭ്യമാകുന്നില്ല.

1-1-9 പി എം എ വൈ-കണക്കുകളുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല

പി എം എ വൈ യുടെ ഭാഗമായുള്ള ഭവന പദ്ധതിക്കായി ലഭിച്ചതും വിനിയോഗിച്ചതുമായ തുകയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. വ്യത്യസ്ത അക്കൗണ്ടുകളിലൂടെ ട്രാൻസാക്ഷനുകൾ നടത്തുന്നതിനാൽ വരവു ചെലവുകളുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ജേണൽ എൻട്രികളിലൂടെ അഡ്ജസ്റ്റ് ചെയ്ത തുകയുടെ കൃത്യമായ നറേഷൻ രേഖപ്പെടുത്താതിരുന്നതും അപാകമാണ്.

1-1-10 ബാങ്ക് റിക്കൺസിലിയേഷൻ- ക്യാഷാകാത്ത ചെക്കിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

എൽ ജി ടി എസ് ബി അക്കൗണ്ടുമായി ബന്ധപ്പെട്ട റിക്കൺസിലിയേഷൻ പത്രികയിൽ (അക്കൗണ്ട് നമ്പർ

799013000000335) 05.05.2019 ന് ലഭിച്ച 20000രൂപയുടെ ചെക്ക് നാളിതുവരെയും ക്രെഡിറ്റ് ആയിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

1-1-11 തെറ്റായ അക്കൗണ്ട് ഹെഡിൽ രേഖപ്പെടുത്തി

ബി 11 ഷെഡ്യൂളിൽ തൻവർഷം ആർജ്ജിച്ച ആസ്തികളായി വിവിധ ഹെഡുകളിൽ രേഖപ്പെടുത്തിയ ആസ്തിമൂല്യങ്ങൾ ആർ പി 38 ഷെഡ്യൂളിൽ വന്നിട്ടില്ല.

ഇനം	2023-24 ലെ ബി 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക	2024-25 ലെ ആർ പി 38 പ്രകാരമുള്ള തുക	ആകെ	2024-25 ലെ ബി 11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുക	വ്യത്യാസം
Buildings-Others	3,37,06,947	23,71,289	3,60,78,236	3,60,38,149	40,087
Other Constructions	1,04,28,202	0	1,04,28,202	11597142	11,68,940
Irrigation-Distribution Systems	0	0	0	13,16,329	13,16,329
Waste Treatment-Others	0	0	0	22,41,329	22,41,329

ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടാത്ത ചെലവുകളാണ് ഈ രീതിയിൽ രേഖപ്പെടുത്തിയതെന്നും ആയത് പരിഹരിക്കുന്നതിന് ജേണൽ ചെയ്യുന്നതിനുള്ള ഓപ്ഷൻ കെ സ്മാർട്ടിൽ ലഭ്യമാകുന്ന മുറക്ക് അപാകം പരിഹരിക്കുന്നതാണെന്നുമുള്ള മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്.

1-2 ബജറ്റ്

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 09.02.2024 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 22.03.2025 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

	ബജറ്റ് പ്രകാരം (₹)	പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ്	30,04,965	1,23,05,085
പ്രതീക്ഷിത വരവ്	8,00,39,500	14,54,99,174
ആകെ	8,30,44,465	15,78,04,259
പ്രതീക്ഷിത ചെലവ്	7,97,66,140	14,19,39,647
നീക്കിയിരിപ്പ്	32,78,325	1,58,64,612

1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹2,62,28,673.9
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹10,91,52,584
ആകെ	₹13,53,81,257.90
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹10,47,00,483
നീക്കിയിരിപ്പ്	₹3,06,80,774.90

വരവിനങ്ങളിലുള്ള നഷ്ടം(₹)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹50,44,606

1–4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് ജനറൽ	0	36774000	36774000	36737933	36067
വികസന ഫണ്ട് (എസ്.സി.പി.)	0	5998000	5998000	4842407	1155593
വികസന ഫണ്ട്-ടി.എസ്.പി.	0	1449000	1449000	1281261	167739
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	0	13097000	13097000	8,743,743.	4353257
സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് ബേസിക്	2402714	6132611+ 299574(ബാങ്ക് പലിശ)=6432185	88,34,899	51,74,823	36,60,076
സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ്	22,47,224	13543000	15790224	5096862(*)	1,06,93,362
ഹെൽത്ത് ഗ്രാന്റ്	2434325	49398(പലിശ)	2483723	1910973	572750
ടി എസ് സി	3143668	87340	3231008	0	3231008
എസ് ഇ സി സി	130955	3572	134527	0	134527
പി എം എ വൈ-കേന്ദ്രവിഹിതം	8254007	199225(പലിശ)	8453232	6478104	1975128
പി എം എ വൈ	22175	605(പലിശ)	22780	0	22780
IWMP	5430287	150868(പലിശ)	5581155	0	5581155
പൈക്ക	1199	32(പലിശ)	1231	0	1231
ഹരിതകേരള മിഷൻ അവാർഡ്	700000	122953(പലിശ)	822953	164572	658381

(*)പ്രോജക്ട് നമ്പർ 170/25 ൽ നികുതി ഇനത്തിൽ ചെലവായി രേഖപ്പെടുത്തിയ തുക ബാങ്കിൽ നിന്നും പേയ്മെന്റ് ആകാതെ തിരിച്ചു വന്ന 8413 രൂപ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ തിരിച്ചു വന്ന തുക വരവിലും ചെലവിലും ചേർത്തിട്ടുണ്ട്.

1–5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത്	പൂർത്തീകരിച്ചത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ

				(എണ്ണം)			ശതമാനം
201	137106198	157	77601599	19	138	44	68.7

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	നടപ്പിലാക്കിയത്	പദ്ധതി അടങ്കൽ (₹)	പദ്ധതി ചെലവ് (₹)	ചെലവ് ശതമാനം
ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ	13	13	5566291	5050861	90.7
ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി	55	44	4,75,14,470	1,88,59,221	39.7
മെഡിക്കൽ ഓഫീസർ-കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ	29	25	9337796	5991010	64.2
പട്ടികജാതി വികസന ഓഫീസർ	10	9	1345867	1217240	90.4
കൃഷി അസിസ്റ്റന്റ് ഡയരക്ടർ	7	7	6290385	3787352	60.2
ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	5	5	7387664	7380656	99.9
ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	10	9	7242000	5615638	77.5
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി	8	4	16628262	9299699	55.9
അസിസ്റ്റന്റ് എഞ്ചിനീയർ	64	41	35793463	20399922	57
ആകെ	201	157	137106198	77601599	56.6%

1–6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.25 ന് 11.45am സമയത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1–7 ആഭ്യന്തരനിയന്ത്രണം

ഓഫീസ് മീറ്റിംഗ്

പ്രതിമാസ മീറ്റിംഗുകൾ ചേർന്ന് ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്

രജിസ്റ്റർ സൂക്ഷിപ്പ്

ഓഡിറ്റ് വർഷം രജിസ്റ്ററുകളും രേഖകളും തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുൻവർഷങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

ആസ്തി രജിസ്റ്റർ

കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പദ്ധതി നിർവ്വഹണം

പദ്ധതികൾ തയ്യാറാക്കുമ്പോൾ നിയമാനുസൃതം ഏറ്റെടുക്കാൻ കഴിയുന്നവയാണെന്ന് ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും വീഴ്ച്ചയുണ്ടായിട്ടുണ്ട് (ഉദാഹരണം – ടേക്ക് എ ബ്രേക്ക് -വഴിയോര വിശ്രമ കേന്ദ്രം നിർമ്മാണം, വനിതകൾക്ക് ജിംനേഷ്യം ഫിറ്റ്നസ്

സെന്റർ) ഫിറ്റ്നസ് സെന്ററിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഉടൻ തന്നെ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്.

പദ്ധതികൾ പൂർത്തിയാകുന്ന മുറക്ക് അതത് വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുള്ള മോണിറ്ററിംഗ് സമിതികൾ ജയപരാജയങ്ങൾ വിലയിരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നില്ല. ഓഡിറ്റ് വർഷം എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ഒരു തവണ വീതം മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗങ്ങളിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് അജണ്ടയായി വന്നിട്ടുള്ളത്.വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് അതത് ഗ്രൂപ്പുകളുടെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഉറപ്പു വരുത്തേണ്ടതാണ്.

സകർമ്മ മീറ്റിംഗ് മിനുട്സ്

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെയും സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും യോഗ തീരുമാനങ്ങൾ സകർമ്മ വഴിയാണ് രേഖപ്പെടുത്തി വരുന്നത്. തീരുമാനങ്ങൾ അംഗീകാരത്തിനയക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്.

ഫണ്ട് വിനിയോഗം

വിവിധ ആവശ്യങ്ങൾക്കായി ലഭിക്കുന്ന വിഹിതങ്ങൾ യഥാസമയം വിനിയോഗിക്കുന്നതിൽ വീഴ്ച്ച ഉണ്ടായിട്ടുണ്ട്. ഉദാഹരണം- ടി എസ് സി ഫണ്ട്, ഐ ഡബ്ല്യു എം പി, ജില്ലാ പഞ്ചായത്ത് വിഹിതം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

1-8 വാടക – ബൈലോയ്ക്ക് അംഗീകാരം വാങ്ങാത്തതും മറ്റ് അപാകങ്ങളും

ബ്ലോക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളും അവയിലെ മുറികളും വാടകയ്ക്ക് നൽകുമ്പോൾ 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 256 വകുപ്പിലെ ഉപവകുപ്പ് 1, 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ ചട്ടം 7 എന്നിവ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് വാടക ബൈലാ തയ്യാറാക്കി ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കേണ്ടതുണ്ട്. ഇപ്രകാരം അംഗീകരിച്ച വാടക ബൈലോ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (11/25.06.2025) മറുപടിയായി പ്രസ്തുത വിഷയത്തിൽ ഭരണസമിതി ചർച്ച നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബൈലോകൾക്ക് സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ അംഗീകാരം വാങ്ങി വിവരം അറിയിക്കേണ്ടതാണ്.

2. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ചില കെട്ടിടങ്ങൾ 2024-25 സാമ്പത്തിക വർഷം ഒഴിഞ്ഞുകിടന്നതായി ഹാജരാക്കിയ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	
1	4/407B	വ്യവസായ എസ്റ്റേറ്റ്, ചൂരൽ
2	4/209	
3	4/203B	
4	15/341	വ്യവസായ എസ്റ്റേറ്റ്, മാതമംഗലം
5	15/342	
6	15/344	
7	15/345	
8	15/343A	
9	15/343B	
10	15/343C	
11	15/343D	
12	15/343E	
13	15/343F	
14	15/343G	
15	15/346A	

16	15/346B
17	15/346C

പട്ടികയിൽ രേഖപ്പെടുത്തിയ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാൻ സ്വീകരിച്ച നടപടി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസ്തുത മുറികൾക്ക് അറ്റകുറ്റ പണികൾ ആവശ്യമുള്ളതിനാൽ ആയത് പൂർത്തീകരിച്ച് വാടകയ്ക്ക് നൽകാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വരുമാന നഷ്ടം ഒഴിവാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 കുട്ടികൾക്ക് കായിക പരിശീലനം-ആസൂത്രണനിർവഹണങ്ങളിലെ അപാകങ്ങൾ-ചെലവു തുകയായ ₹222750 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നമ്പർ,പേര്	157/25, കുട്ടികൾക്ക് കായിക പരിശീലനം (സ്പിൽ ഓവർ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹240000 (വികസനഫണ്ട്) (പൊതു വിഭാഗം)
ചെലവ്	₹222750(ബിൽ നം/തീയതി 283/10.01.2025)

ബ്ലോക്ക് തലത്തിലെ ഒരു കായിക പരിശീലന കേന്ദ്രത്തിൽ എട്ടു മുതൽ 15 വയസ്സ് വരെയുള്ള കുട്ടികൾക്ക് രണ്ടുമാസം നീണ്ടു നിൽക്കുന്ന കായിക പരിശീലനമാണ് തയ്യാറാക്കിയ പ്രൊജക്ട് പ്രകാരം ലക്ഷ്യമിട്ടത്. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	തുക(₹)
പരിശീലനത്തിൽ പങ്കെടുത്ത കുട്ടികൾക്ക് പഴം, പാൽ, മുട്ട എന്നിവ 60 ദിവസത്തേക്ക്	1,36,800
കായിക ഉപകരണങ്ങൾ	10,950
ജഴ്സി	15,000
പരിശീലകർക്ക് ഓണറേറിയം	60,000

പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു

1. പരിശീലന പരിപാടിക്കായി സ്പോർട്സ് അക്കാദമിയുടെ സഹകരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. എസ് എസ് കെയുടെ സാധ്യത, സ്കൂൾ കായികാദ്ധ്യാപകരുടെ സേവനം എന്നിവ ഉപയോഗപ്പെടുത്തി അത്ലറ്റിക്സ് പരിശീലനത്തിന് പ്രത്യേക പ്രാധാന്യം നല്കാനാണ് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നതെങ്കിലും ആയത് ഉപയോഗപ്പെടുത്തിയിട്ടില്ല.

2.പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ.) നം.115/2022 തസ്വഭവ തീ.28.05.2022) ഖ.7.7.3 പ്രകാരം സ്പോർട്സ് അക്കാദമിയുടെ സഹകരണത്തോടെ അത്ലറ്റിക്സ് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 30000 രൂപ വരെ ചെലവഴിക്കാവുന്നതുമാണ്. യോഗ്യരായ പരിശീലകർക്ക് പരിശീലന സമയം കണക്കാക്കി ഓണറേറിയം നൽകാവുന്നതും പരിശീലനത്തിന് ആവശ്യമായ കായികക്ഷമത ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് പ്രൊജക്ട് ഏറ്റെടുക്കാവുന്നതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ₹222750 മേൽ പ്രോജക്ടിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

2. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ എട്ടു മുതൽ 15 വയസ്സുവരെയുള്ള താല്പര്യമുള്ള മുഴുവൻ കുട്ടികൾക്കും ആയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കുട്ടികളെ തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3. പദ്ധതിയിലേക്ക് 60 കുട്ടികളുടെ പേര് മാത്രം രേഖപ്പെടുത്തിയ ഹാജർപട്ടിക പരിശോധനക്ക് നല്കിയിട്ടുണ്ട്. എന്നാൽ കുട്ടികളുടെ വയസ്സ്, പഠിക്കുന്ന സ്കൂൾ, ഗ്രാമപഞ്ചായത്ത് എന്നിവ വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. കായിക പരിശീലനത്തിൽ താല്പര്യമുള്ള കുട്ടികൾ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെടാനാണ് ഇതു സംബന്ധിച്ച് പ്രസിദ്ധീകരണത്തിന് നൽകിയ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്. ഏത് കായിക ഇനത്തിലാണ് കുട്ടികൾക്ക് പരിശീലനം നൽകാനുദ്ദേശിക്കുന്നതെന്ന് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടില്ല.

5. പരിശീലനം നൽകുന്നതിനായി കായികാധ്യാപകരെ തെരഞ്ഞെടുക്കാനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മറ്റൊരു പ്രോജക്ടിനായി തെരഞ്ഞെടുത്ത ശ്രീ. എ കരുണാകരൻ, ശ്രീ.ജയസൂര്യൻ എം എന്നിവരെ പരിശീലകരായി നിയമിച്ച നടപടിക്ക് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 25.10.2024 ലെ 2/3 തീരുമാനപ്രകാരം സാധൂകരണം നൽകുകയാണ് ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/27.6.25) പതിനാലാം പഞ്ചവത്സരപദ്ധതി മാർഗരേഖ പ്രകാരം കായിക പരിശീലനത്തിന് ക്യാമ്പുകൾ സംഘടിപ്പിക്കാനും യോഗ്യരായ പരിശീലകർക്ക് ഹോണറേറിയം നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലാണ് ഇത്തരം പ്രോജക്ട് എറ്റെടുത്തതെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കുട്ടികളുടെ സെലക്ഷൻ നടത്തിയത് പരസ്യം നൽകി സെലക്ഷൻ ട്രയൽ നടത്തിയാണെന്നും സ്കൂൾ മുഖേനയല്ലെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സെലക്ഷൻ ലഭിച്ച കുട്ടികളുടേയും രക്ഷിതാക്കളുടേയും അഭ്യർഥന മാനിച്ച് ഫുട്ബോൾ കോച്ചിംഗ് ആണ് നൽകിയതെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.
എന്നാൽ സ്പോർട്സ് അക്കാദമിയുടെ സഹകരണം, ചെലവഴിക്കാവുന്ന ആകെ തുക എന്നീ കാര്യങ്ങളിൽ മാർഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല. മാത്രവുമല്ല ഏതെങ്കിലും പ്രത്യേക ഇനത്തിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനു പകരം സെലക്ഷൻ ലഭിച്ച കുട്ടികളുടേയും രക്ഷിതാക്കളുടേയും അഭ്യർഥന മാനിച്ച് ഫുട്ബോൾ കോച്ചിംഗ് നടത്തി എന്നത് പദ്ധതിയുടെ ആസൂത്രണത്തിലെ അപാകമാണ് വ്യക്തമാക്കുന്നത്. പദ്ധതിയുടെ ആസൂത്രണത്തിലും നിർവഹണത്തിലും മാർഗരേഖാനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ ചെലവുതുകയായ ₹2,22,750 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1-10 സാക്ഷരതാ മിഷൻ- തുല്യതാ പഠിതാക്കൾക്ക് ഫീസ് നൽകൽ- രേഖകൾ ലഭ്യമാക്കിയില്ല- ₹40000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം., പേര്	37/25- സാക്ഷരതാ മിഷൻ- തുല്യതാ പഠിതാക്കൾക്ക് ഫീസ് നൽകൽ
അടങ്കൽ	₹40000-വികസനഫണ്ട് പൊതുവിഭാഗം
ചെലവ്	₹40000 (ബിൽ നം./തീയതി(ACR പ്രകാരം) 333/10.2.2025)

കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തുന്ന തുല്യതാപരീക്ഷക്ക് 20 പഠിതാക്കളുടെ ഫീസ് ഇനത്തിൽ 40000 രൂപ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നുള്ള കൈപ്പറ്റ് രശീതി മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/26.6.2025) കൈപ്പറ്റ് രശീതി ലഭ്യമായിട്ടില്ലെന്നും പഠിതാക്കളുടെ പരീക്ഷ നടന്നിട്ടില്ലെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മേൽ കാരണങ്ങളാൽ 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-11 പദ്ധതി ഡോക്യുമെന്റേഷൻ-നിർവഹണത്തിലെ അപാകങ്ങൾ - ₹114300 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം., പേര്	178/25-പദ്ധതി ഡോക്യുമെന്റേഷൻ
അടങ്കൽ	₹2,00,000-വികസനഫണ്ട് പൊതുവിഭാഗം
ചെലവ്	₹1,14,300
ബിൽ നം./തീയതി/തുക(ACR പ്രകാരം)	306/22.1.2025 ₹31,400 352/20.2.2025 ₹42,100 516/25.03.2025 ₹40800

2020- 21 സാമ്പത്തിക വർഷം മുതൽ 5 വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ മികച്ച പദ്ധതികളുടെ ഡോക്യുമെന്റേഷൻ തയ്യാറാക്കി സൂക്ഷിക്കലാണ് പദ്ധതി പ്രകാരം ലക്ഷ്യമാക്കിയത്. പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു .

1. തനത് ഫണ്ടിന് പകരം വികസനഫണ്ട് ഉപയോഗിച്ചു -₹114300യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

തദ്ദേശസ്വയംഭരണ (എഫ് എം) വകുപ്പിന്റെ 19.6.23 തീയതിയിലെ സ.ഉ (സാധാ) 1263/2023/ LSGD ഉത്തരവ് പ്രകാരം പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷന് വേണ്ടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് 3 ലക്ഷം രൂപ വരെ ലഭ്യതയ്ക്ക് വിധേയമായി തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ മേൽ പ്രൊജക്ടിന് വേണ്ടി വികസന ഫണ്ടിൽ നിന്നാണ് 200000 രൂപ അടങ്കൽ നിശ്ചയിച്ച് ₹114300 ചെലവഴിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/25.6.25) ഡിപിസി അംഗീകാരത്തോടുകൂടി വെറ്റിംഗ് ലഭിച്ച ശേഷമാണ് പ്രൊജക്ട് നിർവഹണം ആരംഭിച്ചതെന്നും പ്രസ്തുത പരിശോധനാവേളയിൽ ഏതിനം ഫണ്ടാണ് ഉപയോഗിക്കേണ്ടത് എന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ലെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ട് ഉപയോഗിച്ചതിനാൽ ₹114300 ചെലവ് തടസ്സപ്പെടുത്തുന്നു

2. ആസൂത്രണത്തിലെ അപാകങ്ങൾ

പദ്ധതിയുടെ നിർവഹണത്തിനായി 25.10.2024 ൽ പ്രസിദ്ധീകരിച്ച സി - 1752/24 നമ്പർ ടെണ്ടർ പരസ്യം പ്രകാരം പദ്ധതി പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, വീഡിയോ ചിത്രീകരണം ഉൾപ്പെടെ നടത്തുന്നതിന് 200000 രൂപ അടങ്കൽ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് 2 ലക്ഷം രൂപ അടങ്കൽ നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയ നിരക്കുകൾ വ്യക്തമല്ല. ടെണ്ടർ നോട്ടീസിൽ ഏതൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ടെണ്ടർ നടപടികൾ പ്രകാരമുള്ള 3 ബിഡുകളിലും രേഖപ്പെടുത്തിയ ഇനങ്ങൾ വ്യത്യാസമുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

ഇനം	ബിഗ് ത്രീ ഡോക്യുമെന്റേഷൻ ഏജൻസി ,തളിപ്പറമ്പ ₹ 199300	കിഷോർ ലാൽ ,ചിറവക്ക് തളിപ്പറമ്പ ₹199600	ഡിക്സൻ ഷാജി ₹199800
സോഷ്യൽ മീഡിയ പോസ്റ്റ്	24 എണ്ണം	14	30
സ്റ്റാറ്റസ് വീഡിയോ	20	10	5
പ്രസിഡണ്ട് വീഡിയോ	8	8	
വികസന പ്രവർത്തന വീഡിയോ	1	2	20
വനിത സംരംഭം, മാലിന്യ സംരംഭം വീഡിയോ	8	-	-
വിഷസ് പോസ്റ്ററുകൾ	-	-	-
തീം വിഡിയോ	1	-	-

ഏതൊക്കെ പ്രവർത്തനങ്ങളാണ് നടത്തേണ്ടതെന്ന് ആസൂത്രണം ചെയ്ത് ടെണ്ടർ നോട്ടീസിൽ കൃത്യമായ വിവരങ്ങൾ നൽകാത്തത് മൂലമാണ് ടെണ്ടർ നടപടികളിൽ പങ്കെടുത്ത സ്ഥാപനങ്ങൾ വ്യത്യസ്ത ബിഡുകളിൽ വ്യത്യസ്ത ഇനങ്ങൾ ഉൾക്കൊള്ളിച്ചത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/25.6.25) സമൂഹ മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പ്രവർത്തനങ്ങൾക്കായുള്ള പ്രോജക്ട് ആദ്യമായാണ് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തതെന്നും ആയതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്ക് എത്ര വീതം തുക നിശ്ചയിക്കണമെന്ന് ധാരണയില്ലാത്തതിനാൽ ലഭ്യമായ തുകയിൽ നിന്നും കുറഞ്ഞ തുകയിൽ കൂടുതൽ ഇനങ്ങൾ ക്വാട്ട് ചെയ്ത ഏജൻസിക്ക് പ്രവൃത്തി കൈമാറുകയാണ് ചെയ്തതെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.
ഏതൊക്കെ സേവനങ്ങളാണ് വേണ്ടതെന്ന് പ്രോജക്ട് ആസൂത്രണഘട്ടത്തിൽ തീരുമാനിച്ച് ആയതിനനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവഹണം നടത്താതിരുന്നത് അപാകമാണ്.

3) കരാർ വ്യവസ്ഥയേക്കാൾ കൂടുതലായി തുക നൽകി

ബിഗ് ത്രീ ഡോക്യുമെന്റേഷൻ എന്ന ഏജൻസിയുമായി 01.12.24 തീയതിയിൽ ഏർപ്പെട്ട 5/25 നമ്പർ കരാറിലെ വ്യവസ്ഥകൾ പ്രകാരം സോഷ്യൽ മീഡിയ പോസ്റ്റ് 24 എണ്ണം @ ₹300, സ്റ്റാറ്റസ് വീഡിയോ 20 എണ്ണം @ ₹ 4000, പ്രസിഡണ്ട് വീഡിയോ 8 എണ്ണം @ ₹2500, വികസന പ്രവർത്തന വീഡിയോ 1 എണ്ണം @ ₹ 21000, വനിത സംരംഭം-മാലിന്യ സംരംഭം വീഡിയോ 8എണ്ണം @ ₹ 6000, വിഷസ് പോസ്റ്ററുകൾ, തീം വിഡിയോ 2 എണ്ണം @ ₹16000 എന്നിങ്ങനെയാണ് നിരക്കുകൾ നല്കിയിട്ടുള്ളത്.
ബിഗ് ത്രീ ഡോക്യുമെന്റേഷൻ എജൻസിയുടെ 3 ഇൻവോയ്സുകൾ പ്രകാരമുള്ള തുകകളാണ് തൻവർഷം നൽകിയിട്ടുള്ളത്

ഇനം	ഇൻവോയ്സ് നം			ആകെ
	BTDA /03/24-25 തീ 1.1. 25	BTDA / 06/24-25 തീ 01.02.25	BTDA /15/ 24-25 തീ 24.03.25	
പോസ്റ്ററുകൾ@ ₹300	13	8	21	42
സ്റ്റാറ്റസ് വീഡിയോ @₹4000	5	10	8	23

പ്രസിഡണ്ട് ടോക്ക് @₹2500	3	-	-	3
ഗ്രാഫിക്സ് വീഡിയോ@₹2500	-	-	1	1
ആകെ തുക	31400	42100	40800	

സ്റ്റാറ്റസ് വീഡിയോ പരമാവധി 20 എണ്ണമാണ് നിശ്ചയിച്ചതെങ്കിലും 4000 രൂപ നിരക്കിൽ ആദ്യ മൂന്ന് ഇൻവോയ്സുകളിലായി 23 എണ്ണം ചെയ്തതായി രേഖപ്പെടുത്തുകയും 23*4000=92000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ആയത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/25.6.25) പ്രസ്തുത കാലയളവിൽ കൂടുതൽ ഉദ്ഘാടനപരിപാടികൾ ഏറ്റെടുക്കേണ്ടിവന്നതിനാലാണ് ഈയിനത്തിൽ വ്യതിയാനം സംഭവിച്ചതെന്നും പ്രോജക്ട് അടങ്കലിൽ അധികരിക്കാതെയാണ് തുക നൽകിയതെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്.

1–12 വൃത്തി–2025 ദി ക്ലീൻ കേരള കോൺക്ലേവ്–വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല–₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പരും പേരും	231/25,വൃത്തി-2025 ദി ക്ലീൻ കേരള കോൺക്ലേവ്
അടങ്കൽ	₹200000 (വികസന ഫണ്ട്) പൊതു വിഭാഗം
ചെലവ്	₹200000ബിൽ നമ്പർ & തീയതി 500/24.3.25 (എ സി ആർ പ്രകാരം)

തദ്ദേശ സ്വയംഭരണ (WM) വകുപ്പിന്റെ 7-03-2025 തീയതിയിലെ സഉ (സാധാ) നം.645/2025 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് **വൃത്തി–2025 ദി ക്ലീൻ കേരള കോൺക്ലേവ്** എന്ന ഇവന്റ് സംഘടിപ്പിക്കുന്നതിന്റെ ചെലവിലേക്കായി ₹200000 ശുചിത്വമിഷന് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/26.6.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ₹200000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–13 മാത്തിൽ തൊഴിൽ പരിശീലനകേന്ദ്രം–കുഴൽകിണർ നിർമ്മാണം–രേഖകൾ ലഭ്യമാക്കിയില്ല–₹103000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പരും പേരും	154/25, മാത്തിൽ തൊഴിൽ പരിശീലനകേന്ദ്രം-കുഴൽകിണർ അനുബന്ധ പ്രവർത്തനങ്ങൾ (സ്പിൽ ഓവർ)
അടങ്കൽ	₹125000 (വികസനഫണ്ട്-ജനറൽ)
ചെലവ്	₹103000 (ബിൽ നമ്പർ & തീയതി 353/20-02-2025)

മാത്തിൽ തൊഴിൽ പരിശീലനകേന്ദ്രത്തിൽ കുഴൽകിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 16.1.2025 ലെ ജി. ഡബ്ല്യു./കെ എൻ ആർ /519/ 2024നമ്പർ എസ്റ്റിമേറ്റ് അനുസരിച്ച് 103000 രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ നിർവഹണമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

1. പ്രവൃത്തികളുടെ നിർവഹണത്തിനായി ഭൂജല വകുപ്പുമായി ഏർപ്പെട്ട കരാർ

2. പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് .

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/26.6.2025) ഭൂജല വകുപ്പുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ

അഭാവത്തിൽ ₹103000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–14 നെല്ലിയാട്ട് സാംസ്കാരികനിലയം–കുടിവെള്ളം– മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവൃത്തികളും–വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല–₹340000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പരും പേരും	148/25, നെല്ലിയാട്ട് സാംസ്കാരികനിലയം–കുടിവെള്ളം– മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും (സ്പിൽ ഓവർ)
അടങ്കൽ	₹340000 (വികസനഫണ്ട്–എസ്.സി.പി)
ചെലവ്	₹340000 (ബിൽ നമ്പർ & തീയതി 383/ 7-03-2025)

നെല്ലിയാട്ട് സാംസ്കാരികനിലയത്തിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായുള്ള മോട്ടോർ സ്ഥാപിക്കലും അനുബന്ധപ്രവൃത്തികൾക്കുമായി ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ 16.1.2025 ലെ ജി. ഡബ്ല്യൂ./കെ എൻ ആർ /470/2024 നമ്പർ എസ്റ്റിമേറ്റ് അനുസരിച്ച് 3,40,000 രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/26.6.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹340000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–15 ഐ.കെ.എം. വിഹിതം–വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല–₹60000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ,പേര്	35/25, ഐ കെ എമ്മിന് വിഹിതം നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹60000 (വികസനഫണ്ട്–പൊതുവിഭാഗം)
ചെലവ്	₹ 60000 ബിൽ നമ്പർ(എ സി ആർ പ്രകാരം) 424/17.03.2025

2024-25 വർഷത്തിൽ ഐ.കെ.എം. പ്രവർത്തനവിഹിതമായി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ₹60000 കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/26.5.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ചെലവ ₹60000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

1–16 എ ബി സി പ്രോഗ്രാം– വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ടിന്റെ നമ്പരും പേരും	95/25, എ ബി സി പ്രോഗ്രാം
അടങ്കൽ	₹50000 (തനത് ഫണ്ട്)
ചെലവ്	₹50000 (ബിൽ നമ്പർ & തീയതി 487/22.3.25–എ സി ആർ പ്രകാരം)

തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പിന്റെ 23-08-2022 തീയതിയിലെ 2065/2022 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ല പഞ്ചായത്തുകളുടേയും നഗരഭരണ സ്ഥാപനങ്ങളുടേയും സംയുക്ത പ്രൊജക്ടായാണ് എ ബി സി പദ്ധതി നടപ്പിലാക്കേണ്ടതെന്നും മുഖ്യനിർവ്വഹണ സ്ഥാപനം ജില്ലാപഞ്ചായത്തായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 50000 രൂപ കണ്ണൂർ ജില്ല പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമായിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/25.6.2025) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ

അഭാവത്തിൽ ₹50000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–17 ഔഷധഗ്രാമം കാർബൺ ന്യൂട്രൽ ഗ്രാമം – കഴൽ കിണർ നിർമ്മാണം പൂർത്തിയായില്ല– ₹107000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണഉദ്യോഗസ്ഥൻ	കൃഷി അസി. ഡയറക്ടർ
പ്രോജക്ടിന്റെ നമ്പരും പേരും	99/25, ഔഷധഗ്രാമം കാർബൺ ന്യൂട്രൽ ഗ്രാമം
അടങ്കൽ	₹700000 (ഹരിത കേരളം അവാർഡ് തുക)
ചെലവ്	₹161000 (ചെക്ക് നമ്പർ 085581/27.03.25)

ഗവ.ആയുർവേദ ഡിസ്പെൻസറി ചെറുപുഴ, ഗവ.ആയുർവേദ ഡിസ്പെൻസറി, കരിവെള്ളൂർ പെരളം എന്നീ സ്ഥാപനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഔഷധ തോട്ടങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്നതിനും വിവിധ ഔഷധ സസ്യങ്ങൾ വളർത്തി ഔഷധ ഗ്രാമം ഒരുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിലെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ് മേൽ പദ്ധതി ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കരിവെള്ളൂർ ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് 4000 രൂപ ചെലവഴിച്ച് ഔഷധിയിൽ (ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ) നിന്നും 200 ഔഷധ സസ്യങ്ങളും, കാർഷിക സേവന കേന്ദ്രം, കാങ്കോലിൽ നിന്നും 50000 രൂപ ചെലവഴിച്ച് 200 Filled മൺപോട്ടും വാങ്ങി നൽകിയിട്ടുണ്ട്. (ആകെ ചെലവ് 54000രൂപ)

പദ്ധതിയുടെ ഭാഗമായി ചെറുപുഴ ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ കഴൽ കിണർ നിർമ്മിക്കുന്നതിനായി ഭൂജല വകുപ്പ് കണ്ണൂരിന് 107000 രൂപ നൽകിയിട്ടുണ്ട്. കിണർ നിർമ്മാണം പൂർത്തിയായതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിനായി 26.06.2025 ന് നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻകുയറിക്ക് മറുപടിയായി കഴൽ കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പ് കണ്ണൂർ നൽകിയ 107000 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസായി തുക നല്കിയിട്ടുണ്ടെന്നും നിലവിൽ കഴൽ കിണർ നിർമ്മാണം പൂർത്തിയായിട്ടില്ലായെന്നും പൂർത്തിയായതിന് ശേഷം ആയതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

കഴൽ കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 107000 രൂപ തടസ്സപ്പെടുത്തുന്നു.

1–18 എസ് സി സാംസ്കാരിക കേന്ദ്രങ്ങളിൽ സൗണ്ട്സിസ്റ്റം വാങ്ങൽ –വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹ 540000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പട്ടിക ജാതി വികസന ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	64/25, എസ്.സി. സാംസ്കാരിക കേന്ദ്രങ്ങളിൽ സൗണ്ട് സിസ്റ്റം വാങ്ങൽ
അടങ്കൽ	₹ 540000 – വികസന ഫണ്ട് (എസ് സി പി)
ചെലവ്	₹ 540000 (ബിൽ നം./ തീയതി 293/13.01.2025)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന 13 എസ്.സി. സാംസ്കാരിക നിലയങ്ങളിൽ, യോഗം ചേരുന്നതിനും മറ്റ് കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്താനും സൗണ്ട് സിസ്റ്റം വാങ്ങി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിനായി 5,40,000 രൂപ പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ബിൽ അബ്സ്ട്രാക്ടും പൂർത്തീകരണ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (14/26.06.2025) പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്ന് മറുപടി നല്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക ₹ 540000 തടസ്സപ്പെടുത്തുന്നു.

1–19 വനിതകൾക്ക് ജിംനേഷ്യം ഫിറ്റ്നസ് സെന്റർ – പ്രവർത്തനം ആരംഭിച്ചിട്ടില്ല –തുടർ നടപടികൾ

അറിയിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, പയ്യന്നൂർ അഡീഷണൽ, പെരിങ്ങോം
പ്രോജക്ടിന്റെ നമ്പരും, പേരും	177/25, വനിതകൾക്ക് ജിംനേഷ്യം ഫിറ്റ്നസ് സെന്റർ (സ്പിൽഓവർ)
അടങ്കൽ	₹11,15,000 (വികസനഫണ്ട്, പൊതുവിഭാഗം)
ചെലവ്	₹7,75,459
ബിൽ നമ്പർ & തീയ്യതി/തുക (എ സി ആർ പ്രകാരം)	478/22.03.25/₹3,40,986 479/22.03.25/₹3,45,653 480/22.03.25/₹88,820

ഫിറ്റ്നസ് സെന്റർ ആരംഭിക്കുന്നതിനായി EWOLVES SPORTS AND FITNESS, ERNAKULAM എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം 775459 രൂപയുടെ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

ഇൻവോയിസ് നം/തീയതി	തുക
34/24-25,28.02.25	3,40,986
31/24-25,22.02.25	3,45,653
27/24-25,22.02.25	88,820
ആകെ	₹7,75,459

മേൽ പദ്ധതിയുടെ തുടർ പ്രവർത്തനം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, പ്രവർത്തന മാർഗ്ഗരേഖ, പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി 26.02.2025 ന് നൽകിയ 12ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ഭരണ സമിതി അംഗീകരിച്ച പ്രവർത്തന മാർഗരേഖ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്.
പ്രസ്തുത വിഷയം എക്സിറ്റ് മീറ്റിംഗിൽ ശ്രദ്ധയിൽ പെടുത്തിയപ്പോൾ, അടുത്ത മാസം തന്നെ ഫിറ്റ്നസ് സെന്ററിന്റെ ഉദ്ഘാടനം നിശ്ചയിച്ചിട്ടുണ്ടെന്നും പ്രവർത്തന മാർഗ്ഗരേഖ ഭരണസമിതി അംഗീകരിച്ചിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-20 ടേക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം-ചെറുപുഴ പഞ്ചായത്ത്- പ്രവർത്തനക്ഷമമായില്ല-₹2145329യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നം., പേര്	146/25 – ടേക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം-ചെറുപുഴ ഗ്രാമ പഞ്ചായത്ത്
അടങ്കൽ	₹30,00,000 - (ധനകാര്യകമ്മീഷൻ അവാർഡ് -ടൈഡ്ഫണ്ട്) (സ്പിൽ ഓവർ)
ചെലവ്	₹2145329
ബിൽ നം./തീയതി/തുക (ACR പ്രകാരം)	183/4.10.2024 ₹1100996 416/13.03.2025 ₹1044333

ചെറുപുഴ ഗ്രാമ പഞ്ചായത്തിലെ താബോർ എന്ന സ്ഥലത്ത് ടേക് എ ബ്രേക്ക് - വഴിയോര വിശ്രമ കേന്ദ്രം സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റീൽ അതോറിറ്റി ഓഫ് കേരള ലിമിറ്റഡ് (SILK) എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി കൈമാറിയിട്ടുള്ളത്. SILK തയ്യാറാക്കിയ 30,00,000 രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സ്റ്റീൽ അതോറിറ്റി ഓഫ് കേരള ലിമിറ്റഡ്, പ്രവൃത്തി ഏറ്റെടുത്ത കാർട്ടൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (കരാർ നമ്പർ 2/23-24 തീ. 4.7.2023). പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ടേക് എ ബ്രേക്ക്-പദ്ധതി പൂർത്തിയായില്ല

കരാർ നമ്പർ 2/23-24 തീ. 4.7.2023 പ്രകാരം നിർമ്മാണം ആരംഭിച്ച പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പ്രവൃത്തികൾ 90% ഓളം പൂർത്തീകരിച്ചിട്ടുണ്ടെന്നും കുഴൽ കിണർ നിർമ്മാണപ്രവർത്തനങ്ങൾ ബാക്കിയുണ്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.6/25.6.25) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണത്തിന് സ്ഥലം കണ്ടെത്തുകയും കരാർ വ്യവസ്ഥയുടെ ഭാഗമായി നിർമ്മാണം പൂർത്തികരിക്കുകയും ചെയ്യുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണത്തിന് സ്ഥലം കണ്ടെത്താതെ വഴിയോര വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് പ്രോജക്ട് ആസൂത്രണത്തിലെ പോരായ്മയാണ്. ടേക് എ ബ്രേക്ക്, വഴിയോര വിശ്രമ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനായി തുറന്ന് കൊടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കരാർ കാലാവധി നീട്ടിനൽകിയതിന് പിഴ ഈടാക്കിയില്ല

കരാർ നമ്പർ 2/23-24 തീ. 4.7.2023 പ്രകാരം നിർമ്മാണം ആരംഭിച്ച പ്രവൃത്തി ആറുമാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ആണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് (23.12.2023 വരെ). എന്നാൽ സാധനസാമഗ്രികളുടെ ലഭ്യതക്കുറവ്, തൊഴിലാളി ക്ഷാമം എന്നിവ ചൂണ്ടിക്കാട്ടി 31.3.24 വരെ കാലാവധി നീട്ടിനൽകണമെന്ന കാർട്ടൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ അപേക്ഷ പരിഗണിച്ച് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 5 (1) തീ. 27.2.24 നമ്പർ തീരുമാന പ്രകാരം നിയമാനുസൃത പിഴ ചുമത്തിക്കൊണ്ട് 31.3.24 വരെ കാലാവധി ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്കായി സ്ഥലം ദാനം ചെയ്ത ബെന്നി മാത്യു എന്നവരുമായുള്ള തർക്കം മൂലവും പാർട്ട് ബിൽ തുക നൽകാത്തതിനാലും 31.1.25 വരെ കരാർ കാലാവധി നീട്ടി നൽകണമെന്ന SILK ന്റെ അഭ്യർത്ഥനയെ തുടർന്ന് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.9.24 ലെ 5/6 നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.1.2025 വരെ ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് (സപ്ലിമെന്ററി കരാർ നം 2/23-24 തീ. 27.9.24). പൊതുമരാമത്ത് വകുപ്പിന്റെ 2-4-24 ജി.ഒ. (എം.എസ്) നം. 21/2024/PWD ഉത്തരവ് പ്രകാരം അടുത്ത ഉന്നതാധികാരിയുടെ അനുമതിയില്ലാതെ യഥാർഥകരാർ കാലാവധിയുടെ 50% ലധികം ദിനങ്ങൾ പിഴ കൂടാതെ നീട്ടിനൽകാനാവില്ല. ടി പ്രവൃത്തിക്കായി കുഴൽ കിണർ കുഴിക്കാനുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിയാത്തതിനാലും ആവശ്യമായ വിദഗ്ധ തൊഴിലാളികളുടെ അഭാവം മൂലവും പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31.5.2025 വരെ ദീർഘിപ്പിച്ചു നൽകാൻ SILK 25.1.2025 ലെ കത്തിലൂടെ ആവശ്യപ്പെട്ടതനുസരിച്ച് പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.9.24 ലെ 5/6 നമ്പർ തീരുമാനപ്രകാരം നിയമാനുസൃത പിഴ ചുമത്തിക്കൊണ്ട് 31.5.2025 വരെ വീണ്ടും ദീർഘിപ്പിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ബില്ലുകളിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.6/25.6.25) അന്തിമബില്ലിൽ നിന്നും പിഴതുക ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നിയമാനുസൃത പിഴ ഈടാക്കി രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

3. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലേയും നിർവഹണത്തിലേയും അപാകങ്ങൾ

പ്രവൃത്തിക്കായി സ്റ്റീൽ അതോറിറ്റി ഓഫ് കേരള ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിലും പ്രവൃത്തിയുടെ നിർവഹണത്തിലുമുണ്ടായ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) വിശദമായ എസ്റ്റിമേറ്റ്, ഡാറ്റ ഹാജരാക്കിയിട്ടില്ല
എസ്റ്റിമേറ്റിലെ ഇനം നം 19 ആയി മോഡുലാർ കാബിൻ നിർമ്മിക്കുന്നതിനായുള്ള നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. Od 353059/2022-23 എന്ന പ്രസ്തുത ഇനത്തിന്റെ സ്പെസിഫിക്കേഷനിൽ പ്ലംബിംഗ്, വയറിംഗ്, ടൈലിംഗ്, ഇലക്ട്രിക്ക് & പ്ലംബിംഗ് ഉപകരണങ്ങൾ സ്ഥാപിക്കൽ തുടങ്ങി വിവിധ ഇനങ്ങൾ ഉൾപ്പെടുന്നു. മുഴുവൻ ഇനങ്ങളെയും ഒരു യൂനിറ്റ് ആയി കണക്കാക്കി 824665 രൂപ നിരക്ക് നിശ്ചയിക്കുകയാണ് ചെയ്തിട്ടുള്ളത്. ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

2) ഇനം 20 ൽ ടെറസിൽ സ്ഥാപിക്കുന്നതിനായുള്ള ടാങ്കിന്റെ അളവ് 1 ലിറ്റർ എന്നാണ് ചേർത്തിട്ടുള്ളത്. (1 ലിറ്റർ @ ₹10.24/ലിറ്റർ)

3) ഇനം 21-സെപ്റ്റിക്ക് ടാങ്ക് സ്ഥാപിക്കൽ, ഇനം 22 സ്റ്റീൽ ഫർണ്ണിച്ചർ തുടങ്ങിയ ഇനങ്ങൾ ചെയ്തിട്ടില്ല

4) അപ്പന്റിക്സ് 2 ബോർവെൽ & വാട്ടർ സപ്ലൈ - ബോർവെൽ കഴിച്ച് 2 എച്ച് പി സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റും സിൽക്ക് തന്നെയാണ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഫീസിബിലിറ്റി, എസ്റ്റിമേറ്റ് തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. മോട്ടോറിന്റെ ഹോർസ് പവർ നിശ്ചയിച്ചതിന്റെ അടിസ്ഥാനവും വ്യക്തമല്ല. പ്രസ്തുത ഇനം നാളിതു വരെ പൂർത്തിയാക്കിയിട്ടുമില്ല.
5)പി എം സി യുടെ ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നില്ല
7.45% + 18% ജി എസ് ടി വരുന്ന തുക പി എം സി ചാർജ്ജ് നിശ്ചയിച്ചാണ് സിൽക്കിനെ പി എം സി ആയി നിശ്ചയിച്ചത്. പി എം സി എന്ന നിലയിൽ, കൃത്യമായ ഇടപെടലുകളിലൂടെ പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടത് സിൽക്കിന്റെ ഉത്തരവാദിത്തമായിരുന്നു. ആയതിൽ വീഴ്ച്ച വരുത്തിയതിന് ഉചിത നടപടികൾ സ്വീകരിക്കേണ്ടതിലേക്ക് വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

ടേക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രം പ്രവർത്തനക്ഷമമാകാത്തതിനാലും പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലും നിർവഹണത്തിലുമുണ്ടായ അപാകങ്ങൾ കാരണവും ₹2145329 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 നേത്രപരിശോധന വിഭാഗത്തിലേക്കും പൊതുജനാരോഗ്യ വിഭാഗത്തിലേക്കും കമ്പ്യൂട്ടർ വാങ്ങൽ - സ്റ്റോക്ക്/ഇൻസ്റ്റലേഷൻ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല ചെലവ് തുക ₹77482 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പെരിങ്ങോം
പ്രോജക്ട് നമ്പർ, പേര്	214/25, നേത്രപരിശോധന വിഭാഗത്തിലേക്കും പൊതുജനാരോഗ്യ വിഭാഗത്തിലേക്കും കമ്പ്യൂട്ടർ വാങ്ങൽ
അടങ്കൽ	മെയിന്റനൻസ് ഫണ്ട് (റോഡിതരം) ₹ 80000
ചെലവ്	₹77482 (ബിൽ നം./തീയതി 359/25.02.2025)

പൊതുജന സേവനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി പെരിങ്ങോം താലൂക്ക് ആശുപത്രിയിലെ നേത്രപരിശോധന വിഭാഗത്തിലേക്കും പൊതുജനാരോഗ്യ വിഭാഗത്തിലേക്കും കമ്പ്യൂട്ടർ വാങ്ങി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം. ഇതിനായി കേരള സ്റ്റേറ്റ് ഐടി മിഷന് ₹77482 നൽകിയിട്ടുണ്ട്. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട പ്രൊഫോർമ ഇൻവോയിസ് മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/26.06.2025) മറുപടിയായി കമ്പ്യൂട്ടറുകൾ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ടെന്നും എന്നാൽ കമ്പ്യൂട്ടറുകൾ ഇതുവരെ ഇൻസ്റ്റാൾ ചെയ്തിട്ടില്ലെന്നും, ഇൻസ്റ്റാൾ ചെയ്യുന്ന മുറയ്ക്ക് ബില്ലുകളും സ്റ്റോക്ക് വിവരങ്ങളും ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക ₹77482 തടസ്സപ്പെടുത്തുന്നു.

1-22 സായഹ്ന ഒ പി യിലേക്ക് ഡോക്ടർ - പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക ₹127400 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കരിവെള്ളൂർ
പ്രോജക്ട് നമ്പർ, പേര്	118/25, സായാഹ്ന ഒ പിയിലേക്ക് ഡോക്ടർ (സ്പിൽ ഓവർ) (2023-24 ലെ പ്രോജക്ട് നം.50/24)
അടങ്കൽ	₹127400 (വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)

ചെലവ്	₹127400
ബിൽ നം./തീയതി	1. ₹63700- 77/31.05.2024 2. ₹63700 – 22/09.05.2024

പൊതുജന സേവനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി സി.എച്ച്.സി കരിവെള്ളൂരിലെ ഈവനിംഗ് ഒ.പിയിലേക്ക് ഡോക്ടറെ നിയമിച്ച് വേതനം നൽകലാണ് പ്രോജക്ട് ലക്ഷ്യം. പ്രസ്തുത പ്രോജക്ടിന്റെ ഫയലുകളും വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/26.06.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് ഫയലുകളും വൗച്ചറുകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ആകെ ചെലവ് തുക ₹127400 തടസ്സപ്പെടുത്തുന്നു.

1–23 മരുന്ന് വാങ്ങൽ –സി എച്ച് സി കരിവെള്ളൂർ –രേഖകൾ ഹാജരാക്കിയില്ല ₹14457യുടെ ചെലവ് തടസപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി എച്ച് സി കരിവെള്ളൂർ
പ്രോജക്ട് നമ്പർ, പേര്	116/25, മരുന്ന് വാങ്ങൽ സി എച്ച് സി കരിവെള്ളൂർ (സ്പിൽ ഓവർ)
അടങ്കൽ	₹260797(₹50000-വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം, ₹210797- മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)
ചെലവ്	₹260697(₹49900-വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം, ₹210797- മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്)
ബിൽ നം./തീയതി	1. ₹49900- 23/09.05.2024 2. ₹48400- 55/09.05.2024 3. ₹14457- 56/09.05.2024 4.₹49200- 54/09.05.2024 5.₹49307- 53/09.05.2024 6.₹ 49433- 52/ 09.05.2024

പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് ₹260697 രൂപയാണ്. ₹246240 യുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ക്രമ നമ്പർ 3 ബില്ലിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/26.06.2025) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹14457 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1–24 ദൈനംദിന ചെലവുകൾ സിഎച്ച് സി കരിവെള്ളൂർ– വൗച്ചറുകൾ ഹാജരാക്കിയില്ല ₹16660 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി കരിവെള്ളൂർ
പ്രോജക്ട് നമ്പർ, പേര്	122/25, ദൈനംദിന ചെലവുകൾ സി.എച്ച്. സി കരിവെള്ളൂർ - (സ്പിൽ ഓവർ)
അടങ്കൽ	₹41340 – മെയിന്റനൻസ് ഫണ്ട് – നോൺ റോഡ്
ചെലവ്	₹41340
ബിൽ നം./തീയതി	1. ₹5851- 47/09.05.2024 2. ₹852 – 43/09.05.2024 3. ₹13157- 44/09.05.2024 4. ₹2003- 45/09.05.2024 5. ₹11113- 46/09.05.2024

	6. ₹728- 48/09.05.2024 7. ₹6136- 50/09.05.2024 8. ₹1500- 51/09.05.2024

സി എച്ച് സി കരിവെള്ളൂരിലെ ദൈനംദിന ചെലവുകൾ നിർവ്വഹിക്കാൻ തുക നൽകുകയാണ് പ്രോജക്ട് ലക്ഷ്യം. പ്രസ്തുത പ്രോജക്ടിന്റെ ആകെ ചെലവ് ₹41340 രൂപയാണ് എന്നാൽ ₹24680 യുടെ വൗച്ചറുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ക്രമ നമ്പർ 3, 4, 8 ബില്ലുകളുടെ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (22/26.06.2025) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹16660 യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-25 പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നുകളും ലഭ്യമാക്കിയില്ല ₹31305യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ/സൂപ്രണ്ട്, താലൂക്ക് ആശുപത്രി, പെരിങ്ങോം
പ്രോജക്ട് നമ്പർ, പേര്	24/25, പെരിങ്ങോം താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ	₹ 820000- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ചെലവ്	₹ 819987- മെയിന്റനൻസ് ഫണ്ട് (റോഡിതരം)
ബിൽ നം./തീയതി	1. ₹ 148938-142/23.07.2024 2. ₹ 150007-189/19.10.2024 3. ₹ 91066-296/17.01.2025 4. ₹314409-322/05.02.2025 5. ₹ 115567-321/05.02.2025

പ്രോജക്ടിന്റെ ഭാഗമായി മരുന്നുകളുടെ വിലയിനത്തിൽ ₹704420 നീതി മെഡിക്കൽസിനും ₹ 115567 (ബിൽ നം. 321/05.02.2025) കെ എം എസ് സി എൽ നും (Prj. No 3635/18.01.2025) അഡ്വാൻസായി നൽകിയിട്ടുണ്ട്. നീതി മെഡിക്കൽസ് മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കെ എം എസ് സി എൽ ₹84262 യുടെ (₹42131 Invoice No. 3956/05.06.2025, ₹42131 Invoice No. 61392/25.03.2025) മരുന്നുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. മുഴുവൻ മരുന്നുകളും ലഭ്യമാക്കാത്തതിനാൽ ₹31305 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-26 ഐ.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ ഫർണ്ണിച്ചർ - അപാകങ്ങൾ 24923 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ
പ്രൊജക്ട് നം., പേര്	143/25 ഐ.ഇ.ഒ ഓഫീസിലേക്ക് കമ്പ്യൂട്ടർ ഫർണ്ണിച്ചർ (സ്പിൽ ഓവർ)
അടങ്കൽ	₹81000 (വികസന ഫണ്ട്) പൊതുവിഭാഗം
ചെലവ്	₹76206 (വികസനഫണ്ട്)
ബിൽ നം./തീയതി	27/09.05.2024

ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങുന്നതിന് നടപ്പിലാക്കിയ പ്രോജക്ടാണിത്. കെൽട്രോണിൽ നിന്നും ഇവ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐടി മിഷന്റെ അക്കൗണ്ടിലേക്ക് (A/C No: 799011400003959) 76206 രൂപ കൈമാറിയിട്ടുണ്ട് (കമ്പ്യൂട്ടർ-₹54709, പ്രിന്റർ-₹21497).
15.02.2025 തീയതിയിലെ 04561/ITP/2550/24-25 നമ്പർ ഡെലിവറി ചലാൻ പ്രകാരം കെൽട്രോൺ വിതരണം ചെയ്ത കമ്പ്യൂട്ടറിന്റെ വില 4% ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ 51283 രൂപയാണ് (മുൻകൂറായി നൽകിയ തുകയെക്കാൾ വിലയിൽ 3426 രൂപ കുറവ്). അധികമായി കൈമാറിയ 3426 രൂപ കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. കൂടാതെ, തുക കൈമാറി ഒരു വർഷം കഴിഞ്ഞെങ്കിലും പ്രിന്റർ ലഭ്യമായിട്ടില്ല.
CPRCS ന്റെ വെബ്സൈറ്റിൽ കമ്പ്യൂട്ടർ മാത്രമാണ് തൻവർഷം ലിസ്റ്റ് ചെയ്ത് Work Order നൽകാൻ സാധിച്ചതെന്നും അതിൽ തന്നെ കമ്പ്യൂട്ടറിന്റെ വിലയിൽ 3426 രൂപയുടെ വ്യത്യാസം ഉണ്ടായിരുന്നെന്നും പ്രിന്ററിന്റെ വിലയും കമ്പ്യൂട്ടറിന്റെ വിലയിലുള്ള വ്യത്യാസവും റീഫണ്ട് ചെയ്ത് നൽകുന്നതിനായി CPRCS ൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ വാങ്ങലുമായി ബന്ധപ്പെട്ട് അധികമായി കൈമാറിയ തുകയും

പ്രിന്ററിന്റെ വിലയും കെൽട്രോണിൽ നിന്നും തിരികെ ലഭിച്ചിട്ടില്ലാത്തതിനാൽ 24923 രൂപയുടെ (21497+3426) ചെലവ് തടസ്സപ്പെടുത്തുന്നു.

1–27 ക്ഷീര കർഷകർക്ക് കാലി തീറ്റ വിതരണം – സബ്സിഡി നൽകിയതിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ക്ഷീരവികസന ഓഫീസർ
പ്രോജക്ട് നമ്പർ, പേര്	227/25, ക്ഷീര കർഷകർക്ക് കാലി തീറ്റ വിതരണം
അടങ്കൽ	₹47,00,000 (₹2350000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബേസിക്, ₹2350000 – ഗുണഭോക്തൃവിഹിതം-നേരിട്ട്)
ചെലവ്	₹2350000 – ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ബേസിക് ₹2350000 – ഗുണഭോക്തൃവിഹിതം-നേരിട്ട് ആകെ ₹47,00,000
ബിൽനം./തീയതി/തുക	1. 439/18.03.2025 ₹1143125 2. 453/19.03.2025 ₹370000 3. 469/21.03.2025 ₹246430 4. 484/22.03.2025 ₹203600 5. 511/25.03.2025 ₹82590 6. 544/28.03.2025 ₹304255

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരവ്യവസായ സംഘങ്ങളിലെ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തതിനുള്ള സബ്സിഡി തുക നല്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയാണിത്. സ.ഉ(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022 (സബ്സിഡി മാർഗ്ഗ രേഖ) ഖ.6.3.16 പ്രകാരം കറവയുള്ള ഒരു പശുവിന് ഒരു മാസം പരമാവധി 100 കിലോ കാലിത്തീറ്റ വരെ നൽകാവുന്നതാണ്. ക്ഷീര വ്യവസായ സംഘങ്ങൾ വഴിയാണ് വിതരണം നടത്തേണ്ടത്. ജനറൽ വിഭാഗത്തിനു 50% (പരമാവധി 10000 രൂപ), പട്ടിക ജാതി വിഭാഗത്തിനു 75% (പരമാവധി 15000 രൂപ), പട്ടിക വർഗ്ഗ വിഭാഗത്തിനു 100% (പരമാവധി 20000 രൂപ) നിരക്കിൽ സബ്സിഡി നൽകാവുന്നതാണ്.

മിൽമ, കേരള ഫീഡ്സ്, അറഫ ട്രേഡ്ഴ്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ക്ഷീര സംഘങ്ങൾ ഹാജരാക്കിയിട്ടുള്ള കാലിത്തീറ്റ വിതരണം നടത്തിയതുമായി ബന്ധപ്പെട്ട സ്റ്റേറ്റ്മെന്റിലെ യൂണിറ്റ് പ്രൈസിലും മേൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമായ ബില്ലിലെ യൂണിറ്റ് പ്രൈസിലും വ്യത്യാസമുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ക്ഷീര സഹകരണ സംഘം	കാലിത്തീറ്റ നൽകിയ സ്ഥാപനം	കാലിത്തീറ്റ വിതരണ സ്റ്റേറ്റ്മെന്റിലെ യൂണിറ്റ് പ്രൈസ്	സ്ഥാപനം ലഭ്യമാക്കിയ ബില്ലിലെ യൂണിറ്റ് പ്രൈസ്	വ്യത്യാസം
1	പാടിയോട്ടുചാൽ	മിൽമ (ഗോമതി ഗോൾഡ്)	1250	1115	135
2	കുഞ്ഞിമംഗലം	കേരള ഫീഡ്സ്	1380	1288	92
3	കുറ്റൂർ	കേരള ഫീഡ്സ്	1440	1288	152
4	വെള്ളോറ	അറഫ ട്രേഡേഴ്സ് (കേരളഫീഡ്സ്)	1440	1320	120

ക്രമ നം. 1 ലെ സ്ഥാപനം ലഭ്യമാക്കിയ ബില്ലിൽ (Invoice No. 100400019313 Date:04.03.2025) വ്യത്യാസം വന്ന 135 രൂപയിൽ 120 രൂപ കമ്മീഷൻ ചാർജ്ജായും 15 രൂപ ഇൻസ്പെക്ഷൻ ചാർജ്ജായും ക്ഷീര സഹകരണ സംഘങ്ങൾ ഈടാക്കിയതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/24.06.2025) മറുപടിയായി ഹാന്റിലിംഗ് ചാർജ്ജ്, സംഘത്തിന്റെ കമ്മീഷൻ ഉൾപ്പടെ എം ആർ പി ൽ അധികരിക്കാത്ത രീതിയിലാണ് ക്ഷീര സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കാലിത്തീറ്റ വിതരണം നടത്തിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ കമ്മീഷൻ ചാർജ്ജായും ഇൻസ്പെക്ഷൻ ചാർജ്ജായും ഈടാക്കിയ തുകകൾക്ക് സബ്സിഡി അനുവദനീയമാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1–28 സകർമ്മയിൽ മിനുട്സ് തയ്യാറാക്കുന്നതിലേയും അംഗീകരിക്കുന്നതിലേയും അപാകങ്ങൾ

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെയും സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളുടെയും നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്ന ദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനുട്സ് അംഗീകാരത്തിനയക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഭരണസമിതി, സ്റ്റാൻഡിംഗ് കമ്മറ്റി യോഗം ചേർന്ന തീയതി	സെക്രട്ടറി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി
12.04.2024 (ഭരണസമിതി)	20.06.24
23.05.2024 (ഭരണസമിതി)	24.09.24
24.06.2024(ഭരണസമിതി)	24.09.24
25.07.2024 (ഭരണസമിതി)	13.11.24
28.01.2025 (ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി)	03.04.25
22.02.2025 (ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി)	10.04.25
25.02.2025 (ആരോഗ്യവും വിദ്യാഭ്യാസവും)	23.04.25
17.03.2025 (ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി)	11.06.25

2. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 21.02.24, 13.03.24, 08.04.24, 19.06.24, 22.07.24, 24.08.24, 23.09.24 തീയതികളിലെ യോഗ തീരുമാനങ്ങൾ സകർമ്മ ആപ്ലിക്കേഷൻ വഴി രേഖപ്പെടുത്തിയിട്ടില്ല.

സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1–29 ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റി കണക്കുകൾ സമർപ്പിക്കുന്നില്ല

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്ന കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.
ഇപ്രകാരം ലഭ്യമാക്കുന്ന ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവു ചെലവ് കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.
പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ താലൂക്ക് ആശുപത്രി -പെരിങ്ങോം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-കരിവെള്ളൂർ എന്നിവിടങ്ങളിലെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക വരവ് ചെലവ് കണക്കുകൾ വർഷങ്ങളായി പരിശോധനക്കായി സമർപ്പിക്കുന്നില്ല. ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

1–30 ഭിന്നശേഷി ക്യാമ്പും ഉപകരണ വിതരണവും – രേഖകൾ ഹാജരാക്കിയില്ല ₹ 485000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ പയ്യന്നൂർ അഡീഷണൽ, പെരിങ്ങോം
പ്രോജക്ടിന്റെ നമ്പരും പേരും	46/25, ഭിന്നശേഷി ക്യാമ്പും ഉപകരണ വിതരണവും
അടങ്കൽ	₹485000 (വികസനഫണ്ട്, പൊതു വിഭാഗം)
ചെലവ്	₹485000 (വികസനഫണ്ട്)

ബിൽ നമ്പർ & തീയ്യതി/തുക (എ സി ആർ പ്രകാരം)	337/12.02.2025/₹2448 483/22.03.2025/₹271923 492/24.03.2025/₹210629

മെഡിക്കൽ ക്യാമ്പ് നടത്തി വികലാംഗ കോർപ്പറേഷനിൽ നിന്ന് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനു വേണ്ടി തയ്യാറാക്കിയ പദ്ധതിയാണിത്. മേൽ പദ്ധതിക്കായി വികലാംഗ കോർപ്പറേഷനിൽ നിന്നും 210629 രൂപക്ക് 31 ഉപകരണങ്ങൾ (ഇൻവോയിസ് നമ്പർ/തിയതി 234/24-25/01.03.2025), കെൽട്രോണിൽ നിന്നും 271923 രൂപക്ക് 34 HEARING AID (KLD/HA/2024-25/1413/17.03.2025) എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലഘുഭക്ഷണത്തിനായി ചെലവഴിച്ച 2448 രൂപ ഉൾപ്പെടെ ആകെ ചെലവ് 485000 രൂപയാണ്.
ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉപകരണങ്ങൾ	എണ്ണം
1	ANKLE EXERCISER	3
2	ARM GAITOR	1
3	COMMODE CHAIR WITH WHEEL	1
4	C P WHEEL CHAIR	1
5	FOLDING WALKER DELUXE	2
6	HAND EXERCISER	2
7	LEG GAITOR	1
8	PEG BOARD	1
9	RECLINING WHEEL CHAIR	2
10	STATIC CYCLE	3
11	SENSORY KIT	2
12	TAYLORS BRACE	1
13	THERAPY BALL 85	3
14	THERAPY MAT MEDIUM	4
15	TRAMPOLINE	1
16	CHROMPLATED WHEEL CHAIR	2
17	WALKING STICK DELUX	1
18	HEARING AID	34
	ആകെ	65

ഗുണഭോക്താക്കളുടെ അപേക്ഷ, മെഡിക്കൽ ക്യാമ്പ് നടത്തി ഭിന്നശേഷികാർക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ഡോക്ടർ നിർദ്ദേശിച്ചതുമായി ബന്ധപ്പെട്ട രേഖകൾ, വികലാംഗ കോർപ്പറേഷൻ, കെൽട്രോൺ എന്നീ സ്ഥാപനങ്ങൾ തുക കൈപ്പറ്റിയതിന്റെ രശീത് എന്നിവ ഹാജരാക്കുന്നതിനായി 27.06.2025 ന് നൽകിയ 25ാം നമ്പർ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ ₹485000 യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-31 ഇ-ഓഫീസ് അടിസ്ഥാന സൗകര്യ വികസനം-പ്രവൃത്തി പൂർത്തീകരിച്ചില്ല- 345000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ,പേര്	152/25, ഇ-ഓഫീസ് അടിസ്ഥാന സൗകര്യ വികസനം കളർ പ്രിൻറർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ	₹726155 (വികസനഫണ്ട്)
ചെലവ്	₹509815
ബിൽ നമ്പർ/തീയതി	311/27.01.2025 ₹111820

	425/17.03.2025 ₹345000 486/22.03.25 ₹29000 527/25.03.25 ₹23995

പദ്ധതിയുടെ ഭാഗമായി ഈ ഓഫീസ് അടിസ്ഥാന വികസനത്തിന് Supply And Installation Of LAN At Payyannur Block Panchayath പ്രവൃത്തി നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 7.03.2025 തീയ്യതിയിലെ AEEELC/SDO KNR/1988/2024 നമ്പർ എസ്റ്റിമേറ്റ് അനുസരിച്ച് 345000 രൂപ (ബിൽ നമ്പർ 425/17.3.2025 ₹345000) PWD ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തൃശ്ശൂർ-ന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തികരിച്ചിട്ടില്ല. പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി രേഖകൾ, പ്രവൃത്തിക്കു വേണ്ടി പൊതുമരാമത്ത് വകുപ്പുമായി തയ്യാറാക്കിയ കരാർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/26.6.2025) പ്രവൃത്തിയുടെ ഭരണാനുമതി, സാങ്കേതികാനുമതി രേഖകളും പൊതുമരാമത്ത് വകുപ്പുമായി തയ്യാറാക്കിയ കരാറും പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. പൂർത്തീകരണരേഖകളുടെ അഭാവത്തിൽ 345000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-32 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്- ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനങ്ങളുടെ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ആരോഗ്യ മേഖലാ ഗ്രാന്റ് അനുവദിച്ചു വരുന്നു. അതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 15(2)എഫ്.സി/XV/FCD/20-25/16.07.21 ലെ മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 2021 മുതൽ 2026 വരെയാണ് ഗ്രാന്റ് ലഭ്യമാവുക.

2021-22 വർഷത്തെ ആരോഗ്യ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ. (സാധാ) നം. 2132/2022/LSGD തീ. 31.08.2022 പ്രകാരവും 2022-23 ലെ ഗ്രാന്റ് വിനിയോഗത്തിനായി സ.ഉ.(സാധാ)നം. 2156/2022/LSGD തി 1.9.22, സ.ഉ (സാധാ) നം. 1625/2023/തസ്വഭവ തീ 09-08-2023 എന്നിവ പ്രകാരവും മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നമ്പർ എഫ്.എം.3/138/2023/തസ്വഭവ തീ. 23.05.2023 പ്രകാരം അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

6 സ്കീമുകളിലായി തുക ചെലവഴിക്കുന്നതിനാണ് ആരോഗ്യ ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ പ്രകാരം തുക അനുവദിച്ചിട്ടുള്ളത്. സ്കീം 2 ആണ് ബ്ലോക്ക് പഞ്ചായത്തിന് ബാധകമാവുക.

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന് 2022-23 സാമ്പത്തിക വർഷം അനുവദിച്ച 27,57,000 രൂപ 13.09.2023 തീയതിയിലാണ് വരവു വന്നിട്ടുള്ളത്. പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി താഴെ പറയുന്ന പ്രോജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്.

ലഭിച്ച പലിശ ₹49398

ക്രമ നമ്പർ	പ്രോജക്ട് നമ്പർ, പേര്	അടങ്കൽ	ചെലവ്		ആകെ ചെലവ്	നീക്കിയിരിപ്പ്
			2023-24	2024-25		
1	167/24, പയ്യന്നൂർ ബ്ലോക്ക് പൊതുജന ആരോഗ്യ കേന്ദ്രം കരിവെള്ളൂർ-കെട്ടിട നവീകരണം (202/25 SO)	14,73,000	0	1360265	1360265	
2	168/24, പയ്യന്നൂർ ബ്ലോക്ക് പൊതുജന ആരോഗ്യകേന്ദ്രം കരിവെള്ളൂർ-കോൺഫറൻസ് ഹാൾ, ക്യാബിനുകൾ, വയറിംഗ് നെറ്റ് വർക്കിംഗ് അനുബന്ധ ഉപകരണങ്ങൾ (203/25 SO)	140000	0	0	0	
3	169/24, പയ്യന്നൂർ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം കരിവെള്ളൂർ-ജനറേറ്റർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും	973000	358480	550708	909188	

	(200/25 SO)					
4	170/24, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം കരിവെള്ളൂർ - കോൺഫറൻസ് ഹാളിലേക്ക് പ്രൊജക്ടർ, റോളിഗ് സ്ക്രീൻ, ലാപ് ടോപ്പ്, സൗണ്ട് സിസ്റ്റം എന്നിവ സ്ഥാപിക്കൽ	171000	0	0	0	
		₹27,57,000	ആകെ ചെലവ്		₹2269453	₹536945 (പലിശ ഉൾപ്പെടെ)

2023-24 സാമ്പത്തിക വർഷത്തേക്ക് ഗ്രാന്റിനത്തിൽ 42,17,000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ വരവു വന്നിട്ടില്ല. പ്രസ്തുത തുക അടിസ്ഥാനമാക്കി 6 പ്രോജക്ടുകൾ 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. 213/25, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം -കരിവെള്ളൂർ -ലാബിലേക്കുള്ള വെയിസ്റ്റ് പിറ്റ് നിർമ്മാണവും അനുബന്ധ സൗകര്യവും (അടങ്കൽ ₹151355)

2. 218/25, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം – കരിവെള്ളൂർ എപ്പിഡോമോളജിസ്റ്റ്, എന്റമോളജിസ്റ്റ്, ഡാറ്റാ മാനേജർ എന്നിവർക്കായുള്ള ഓഫീസ് സൗകര്യം ഒരുക്കൽ (അടങ്കൽ ₹300000)

3. 219/25, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം – കരിവെള്ളൂർ കെട്ടിടത്തിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ(അടങ്കൽ ₹1400000)

4. 221/25, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം – കരിവെള്ളൂർ ലാബ് ബ്ലോക്ക് പബ്ലിക്ക് ലബോറട്ടറി ആക്കി ഉയർത്തൽ (അടങ്കൽ ₹2000000)

5. 222/25, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം – കരിവെള്ളൂർ ഓഫീസ് ആവശ്യത്തിന് ഫർണിച്ചർ വാങ്ങൽ (അടങ്കൽ₹ 115000)

6. 223/25, ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം -കരിവെള്ളൂർ ഐ ഇ സി പ്രിന്റിംഗ് റിപ്പോർട്ടിംഗ് ആന്റ് മോണിറ്ററിംഗ് ട്രെയിനിംഗ് – പർച്ചേസ് ഓഫ് ഇൻസ്ട്രുമെന്റ്സ് (അടങ്കൽ ₹178000)

കെട്ടിട നവീകരണവും ജനറേറ്റർ സ്ഥാപിക്കൽ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം -ഒടുക്ക് സംബന്ധിച്ച പരിശോധന

എ)മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

(01.04.2024 ന് മുമ്പ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ	മെഡിസെപ് പ്രീമിയം ഇനത്തിൽ	മെഡിസെപ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന	റിമാർക്സ്

എണ്ണം	ഈടാക്കിയ തുക	ഒടുക്കിയ തുക	തുക	
26	13000	13000	0	

ബി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	2024 March	0	500	0	

സി)മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/22 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
NIL				

ഡി) മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വിസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
NIL					

4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2024-25	24.06.2025	കെ.എസ്.എ/കെ.എൻ.ആർ/സി.5/1089/2025 തീയതി: 23.09.2025

4-3 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സ്ഥാപനം	തൻവർഷം ലഭിച്ച തുക	പ്രോജക്ട് നമ്പർ, പേര്	ചെലവ്	നീക്കിയിരിപ്പ്
ഗ്രാമപഞ്ചായത്ത്	10,50,000	207/25, പി എം എ വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം-ജനറൽ വിഭാഗം	10,50,000	ഇല്ല
	2,80,000	208/25, പി എം എ വൈ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം-പട്ടിക വർഗ്ഗം	2,80,000	
ആകെ	₹13,30,000		₹13,30,000	
കണ്ണൂർ ജില്ലാ പഞ്ചായത്ത്	294000	207/25, പി എം എ വൈ ബ്ലോക്ക് പഞ്ചായത്ത് വിഹിതം-ജനറൽ വിഭാഗം	294000	ഇല്ല
	490000	153/25, 2021-22 വർഷത്തെ പി എം എ വൈ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതം	490000	
	196000	208/25, പി എം എ വൈ-ബ്ലോക്ക് പഞ്ചായത്ത് വിഹിതം-പട്ടിക വർഗ്ഗം	196000	
ആകെ	₹9,80,000		₹9,80,000	ഇല്ല

2024-25 സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ നീക്കിയിരിപ്പുള്ളതായി ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 6741157 രൂപ ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ഏതൊക്കെ ആവശ്യങ്ങൾക്കായി ലഭിച്ചതാണെന്ന് വ്യക്തമല്ല. ഓഡിറ്റ് വർഷത്തെ ബി 17 ഷെഡ്യൂളിൽ പ്രസ്തുത തുക ഉൾപ്പെടുന്നില്ല.

4-4 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2024-25 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രോജക്ടിന്റെ പേര്/നമ്പർ	ബിൽ നമ്പർ /തീയതി	മുൻകൂർ നൽകിയ തുക(₹)	ചെലവഴിച്ച തുക(₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക(*)
ഭൂജല വകുപ്പ്	99/25, ഔഷധ ഗ്രാമം കാർബൺ ന്യൂട്രൽ ഗ്രാമം	ചെക്ക് നമ്പർ 085581/27.03.25	107000	0	107000
പി ഡബ്ല്യു ഡി ഇലക്ട്രോണിക്സ് വിഭാഗം	64/25, എസ് സി സാംസ്കാരിക കേന്ദ്രങ്ങളിൽ സൗണ്ട് സിസ്റ്റം വാങ്ങൽ	ബിൽ നമ്പർ 293/13.01.25	540000	0	540000
പി ഡബ്ല്യു ഡി ഇലക്ട്രോണിക്സ്	152/25, ഇ-ഓഫീസ്	ബിൽ നമ്പർ 425/17.03.25	3,45,000	0	345000

വിഭാഗം	അടിസ്ഥാന സൗകര്യ വികസനം, കളർ പ്രിന്റർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ				
ഭൂജല വകുപ്പ്	103/25, മാത്തിൽ തൊഴിൽ പരിശീലന കേന്ദ്രം - കുഴൽക്കിണർ അനുബന്ധ പ്രവർത്തനങ്ങൾ	ബിൽ നമ്പർ 353/20.02.25	103000	0	103000
ഭൂജല വകുപ്പ്	148/25, നെല്ലിയാട്ട് സാംസ്കാരിക നിലയം മോട്ടോർ സ്ഥാപിക്കലും അനുബന്ധ പ്രവൃത്തികളും	ബിൽ നമ്പർ 383/07.03.25	340000	0	340000

(*)പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4-5 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

4-6 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

സെക്രട്ടറി ലഭ്യമാക്കിയ മറുപടി പ്രകാരം ഓഡിറ്റ് വർഷം ഈയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 7000 രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	ഒടുക്കിയ ഉദ്യോഗസ്ഥൻ	റസീറ്റ് നമ്പർ തീയതി തുക
2021-22	1-12	സി ഡി പി ഒ	241904000000008225/25.09.24 ₹7000
		ആകെ	₹7000

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം
2002-03	2-2(എ)	2007-08	3-1	ലക്ഷ്യം കൈവരിക്കാത്ത പദ്ധതികൾ

4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	₹10,91,52,584
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	₹10,47,00,483
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	₹50,44,606

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-9	222750	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-10	40000	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-11	114300	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-12	200000	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-13	103000	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-14	340000	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-15	60000	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-16	50000	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-17	107000	ശ്രീമതി.രാഖി.കെ,കൃഷി അസി. ഡയറക്ടർ
1-18	540000	ശ്രീ.ബാലകൃഷ്ണൻ . എം, പട്ടിക ജാതി വികസന ഓഫീസർ
1-20	2145329	ശ്രീ.മോഹനൻ.കെ, സെക്രട്ടറി
1-21	77482	ഡോ.പ്രശാന്ത് പി.കെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, പെരിങ്ങോം
1-22	127400	ഡോ.പ്രവീൺ.പി.ജോസ്, മെഡിക്കൽ ഓഫീസർ, സി എച്ച് സി, കരിവെള്ളൂർ
1-23	14457	ഡോ.പ്രവീൺ പി.ജോസ്, മെഡിക്കൽ ഓഫീസർ, സി എച്ച് സി, കരിവെള്ളൂർ
1-24	16660	ഡോ.പ്രവീൺ.പി.ജോസ്, മെഡിക്കൽ ഓഫീസർ, സി എച്ച് സി, കരിവെള്ളൂർ
1-25	31305	ഡോ.പ്രശാന്ത്.പി.കെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പെരിങ്ങോം
1-26	24923	ശ്രീമതി.സ്മിത.ആർ.കെ, ഇൻഡസ്ട്രിയൽ എക്സ്ടെൻഷൻ ഓഫീസർ
1-30	4,85,000	ശ്രീമതി.രാധ.കെ, സി.ഡി.പി.ഒ, പയ്യന്നൂർഅഡിഷണൽ, പെരിങ്ങോം

1-31	3,45,000	ശ്രീ. മോഹനൻ കെ, സെക്രട്ടറി
ആകെ	₹50,44,606	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.മോഹനൻ.കെ, സെക്രട്ടറി	സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്	തവണംകോട്ട് ഹൗസ്, മുണ്ടവളപ്പ്, കണ്ടോത്ത്
ശ്രീ.ബാലകൃഷ്ണൻ.എം, പട്ടികജാതി വികസന ഓഫീസർ	വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല	മാങ്ങാട്ട് ഹൗസ്, ചരൽപള്ള, മാതമംഗലം ബസാർ
ഡോ.പ്രവീൺ പി ജോസ്, മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) കരിവെള്ളൂർ	പുത്തൂർക്കര ഹൗസ്, ലൂർദ്ദുപുരം, ഈസ്റ്റ്ഫോർട്ട്, തൃശ്ശൂർ
ശ്രീമതി.രാഖി.കെ, കൃഷി അസി. ഡയറക്ടർ	കൃഷി അസി. ഡയറക്ടർ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്	കാരുണ്യം, പുഞ്ചവയൽ, മൊട്ടമ്മൽ പി ഒ, കണ്ണപുരം
ഡോ.പ്രശാന്ത് .പി.കെ, മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ, പെരിങ്ങോം	താലൂക്ക് ഹോസ്പിറ്റൽ, പെരിങ്ങോം	കാർത്തിക, പള്ളിക്കുന്ന്, കണ്ണൂർ
ശ്രീമതി.രാധ.കെ, സി ഡി പി ഒ,പയ്യന്നൂർ അഡിഷണൽ, പെരിങ്ങോം	സി ഡി പി ഒ, പയ്യന്നൂർ അഡിഷണൽ, പെരിങ്ങോം	ആർ എൻ കെ നിവാസ്, വൃന്ദാവൻ നഗർ, എൻ എസ് എസ് എഞ്ചിനീയറിംഗ് കോളേജ്, അകത്തേതറ, പാലക്കാട്
ശ്രീമതി സ്പിത ആർ.കെ, ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ	ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്.	നികുഞ്ജം, എം.എം. ബസാർ പി.ഒ.

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന തടസ്സങ്ങളുടെ എണ്ണം
2001-02	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	1
2002-03	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	4
2003-04	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	2
2008-09	കെ.എസ്.എ/കെ.എൻ.ആർ/സി15/	3

	695/25, തീയതി 14.05.2025	
2009-10	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	1
2010-11, 2011-12	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	7
2012-13,13-14,14-15	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	9
2015-16	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	2
2016-17	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	2
2017-18	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	9
2018-19	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	3
2020-21	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	7
2021-22	കെ.എസ്.എ/കെ.എൻ.ആർ/സി15/ 695/25, തീയതി 14.05.2025	11
2022-23	കെ.എസ്.എ/കെ.എൻ.ആർ/സി11/ 1833/2023, തീയതി 01/01/2024	35
2023-24	കെ.എസ്.എ/കെ.എൻ.ആർ/സി15/ 1686/24, തീയതി 03.02.2025	27

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 31-05-2025 and submitted on 31-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Payyannur Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Payyannur Block Panchayat as on 31-03-2025

Date: 23/09/2025

Senior Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Payyannur Block Panchayat for the Year 2024-2025 .

1.Major Observations

NIL

2.Other Observations

1.The following mandatory financial statements prescribed in accounting rules not submitted for audit

a) Ratios

b) Notes to accounts

2. Cash flow statement- Net increase/decrease in cashflow does not match with the difference between

the opening and closing balance of cash and cash equivalents

3. Depreciation provided for assets more than book value(example Vehicles). Amount booked as Assets and depreciation is not authentic. Asset register is not upto date

4. Unutilised amounts of deposit works not booked in B 18 schedule

5. Grant liability/fund balance amount shown as liability in Balance Sheet does not match with the Bank account opened for the specified fund(district panchayath share). Account Balance was transferred to government account towards redumption and has not been released to the Block panchayath till date of audit.

6. Liability in respect of stale cheque-source documents not available

7. other creditors(Rs.111607), other liabilities (Rs.20,32,120) in B 9 schdule- no source documents

8. Advance pending adjustment- no source documents to verify the accuracy of the amount.

9. PMAY scheme- No source documents to verify the accuracy of the account balance

10. Reconciliation statement- Account number 799013000000335 long pending uncredited cheque amount.

11. Entered in wrong account head Revenue expenditure taken as asset in B 11 schedule

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Payyanur Block Panchayath RECEIPT & PAYMENT STATEMENT			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	26,227,169.90
Cash	Cash	RP-40(a)	1,504
	Operating		
140000000	Fees & User Charges	RP-4	184,035.00
150000000	Sale & Hire Charges	RP-5	159,953.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	61,132,344.00
171000000	Interest Earned	RP-9	54,608.00
320000000	Grants, Funds & Contributions for Specific Purposes	RP-31	21,193,129.00
350000000	Other Liabilities	RP-36	262,453.00
	Non Operating		
340000000	Deposits Received	RP-34	368,127.00
350000000	Other Liabilities	RP-36	347,895.00
431000000	Sundry Debtors (Receivables)	RP-43	24,404,851.00
460000000	Loans, Advances and Deposits	RP-47	1,045,189.00

	Grand total		**13,53,81,257.90**
PAYMENTS			
Operating			
210000000	Establishment Expenses	RP-11	2,251,309.00
220000000	Administrative Expenses	RP-12	721,343.00
230000000	Operations & Maintenance	RP-13	474,940.00
250000000	Decentralised Plan Programme - Productive Sector	RP-15	12,912,827.00
251000000	Decentralised Plan Programme - Service Sector	RP-16	34,166,813.00
252000000	Decentralised Plan Programme - Infrastructure Sector	RP-17	7,322,473.00
253000000	Decentralised Plan Programme - Projects not included in Sector Division	RP-18	96,285.00
254000000	Expenditures of Transferred Institutions and State Sponsored Schemes (not in	RP-19	190,279.00
255000000	Maintenance Projects	RP-20	1,651,246.00
260000000	Grants, Contributions and Compensations from Own Fund	RP-22	1,000,000.00
280000000	Prior Period Item	RP-26	-7,000.00
320000000	Grants, Funds & Contributions for Specific Purposes	RP-31	135,871.00
350000000	Other Liabilities	RP-36	8,787,563.00
	Non Operating		
240000000	Interest & Finance Charges	RP-14	172.00
340000000	Deposits Received	RP-34	265,720.00

350000000	Other Liabilities	RP-36	653,820.00
410000000	Fixed Assets	RP-38	6,043,882.00
412000000	Capital Work In Progress	RP-40	1,953,548.00
431000000	Sundry Debtors (Receivables)	RP-43	24,795,483.00
460000000	Loans, Advances and Deposits	RP-47	1,283,909.00
	Closing Balance		
Bank	Bank	RP-40(b)	30,680,774.90
Cash	Cash	RP-40(b)	0.00
	Grand Total		**135,381,257.90**

2.ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Payyanur Block Panchayath **INCOME & EXPENDITURE STATEMENT**			
For the period from 01-April-2024 to 31-March-2025			
Code.No	Description of Items	Schedule No	Amount
	INCOME		
130000000	Rental Income from Panchayat Properties	I-3	1,742,071.00
140000000	Fees & User Charges	I-4(b)	265,551.00
150000000	Sale & Hire Charges	I-5(b)	159,953.00
160000000	Revenue Grants, Funds, Contributions & Compensations	I-6	83,288,281.00
171000000	Interest Earned	I-8	54,608.00
180000000	Other Income	I-9	153,400.00
A	**Total Income**		**85,663,864**
	EXPENDITURE		
210000000	Establishment Expenses	I-10(b)	2,387,015.00

220000000	Administrative Expenses	I-11(b)	721,343.00
230000000	Operations & Maintenance	I-12(b)	917,940.00
240000000	Interest & Finance Charges	I-13	172.00
250000000	Decentralised Plan Programme - Productive Sector	I-14	17,125,993.00
251000000	Decentralised Plan Programme - Service Sector	I-14(a)	36,540,503.00
252000000	Decentralised Plan Programme - Infrastructure Sector	I-14(b)	9,780,166.00
253000000	Decentralised Plan Programme - Projects not included in Sector Division	I-14(c)	96,285.00
254000000	Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme)	I-14(d)	250,279.00
255000000	Maintenance Projects	I-14(e)	1,651,246.00
260000000	Grants, Contributions and Compensations from Own Fund	I-15	1,000,000.00
272000000	Depreciation	I-17(a)	3,743,547.00
B	**Total Expenditure**		**74,214,489**
C=A-B	**Gross Surplus / Deficit of income over Expenditure**		**11,449,375.00**
D	Prior Period item	I-18	**4,023,704.00**
E = C-D 290000000	**Gross Surplus / Deficit of income over Expenditure after prior period items**		**7,425,671.00**
	Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)		

3.ബാലൻസ് ഷീറ്റ്

Payyanur Block Panchayath BALANCE SHEET			
As on 31-March-2025			
Code.No	Description of Items	Schedule No	Amount
	LIABILITIES **Reserves and Surplus**		
310000000	**Panchayath fund**	B-1	43988644.90
312000000	Reserves	B-3	46934204
	Total Reserves and Surplus		**90922848.90**
	Grants, Contributions for Specific Purposes		
320000000	**Grants, Contributions for Specific Purposes**	B-4	33328288
	Total Grants, Contributions for Specific Purposes		**33328288**
	Loans		
330000000	Secured loans	B-5	0.00
	Total loans		0.00
	Current Liabilities & Provisions		
340000000	Deposits received	B-7	2023189
341000000	Deposit works	B-8	0
350000000	Other liabilities	B-9	3269646
	Total Current Liabilities and Provisions		**5292835**
	TOTAL LIABILITIES		**129543971**
	ASSETS		
	Fixed Assets		
410000000	Fixed assets	B-11	97555481
411000000	Accumulated depreciation	B-11	(27270877)

412000000	Capital work in progress	B-11(a)	0
	Total Fixed Assets		**70284604**
	Investments		
420000000	**Investments**	B-12	0
	Total Investments		**0**
	Current Assets, Loans and Advances		
430000000	Stock in hand	B-14	0
431000000	Sundry debtors (Receivables)	B-15	24808383
440000000	Prepaid expenses	B-16	0
450000000	Cash and Bank balances	B-17	30680774.90
460000000	Loans advances and deposits	B-18	3770210
	Total Current Assets, Loans and Advances		**59259367.90**
	TOTAL ASSETS		**129543971.90**

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ